Kandanad
Diocesan
# Bulletin

Vol. 12, No. 5, 15 May 2024

എഡിറ്റോറിയൽ

## സുന്നഹദോസുകൾ ഇല്ലാത്ത കാലം

ആഗോള ക്രൈസ്തവസഭകൾ 2025 ൽ നിഖ്യാ സുന്നഹദോസ് നടന്നതിന്റെ 1700-ാം വാർഷികം ആഘോഷിക്കാൻ ഒരുങ്ങുകയാണ്. ഇതിനായി അഖിലലോക സഭാ കൗൺസിൽ (WCC) വിപുലമായ പരിപാടികളാണ് ആസൂത്രണം ചെയ്യുന്നത്. 2025 ഒക്ടോബർ മാസം 24 മുതൽ 28 വരെ ഈജിപ്തിൽ കോപ്റ്റിക് ഓർത്തഡോക്സ് സഭയുടെ ആഥിധേയത്വത്തിൽ നടക്കുന്ന WCC യുടെ Faith and Order കമ്മീഷൻ സമ്മേളനം ഈ ചരിത്ര സംഭവത്തെ വിവിധ പരിപാടികളിലൂടെയും ചർച്ചകളിലൂടെയും സജീവമാക്കാനുള്ള ശ്രമത്തിലാണ്. കത്തോലിക്കാ സഭയും സമാനമായ ആഘോഷങ്ങൾക്കായുള്ള ഒരുക്കത്തിലാണ്. റോമിലെ യൂണിവേഴ്സിറ്റികളും കത്തോലിക്കാസഭയുടെ വിവിധ വിഭാഗങ്ങളും (Departments) നടത്തുവാൻ ഉദ്ദേശിക്കുന്ന പരിപാടികളുടെ വിശദവിവരങ്ങൾ പുറത്ത് വിട്ടുകഴിഞ്ഞു.

എ.ഡി. 325 ൽ കുസ്തന്തീനോസ് ചക്രവർത്തി നേതൃത്വം ഏറ്റെടുത്ത് നടത്തിയ ഈ സുന്നഹദോസ് ക്രൈസ്തവസഭാ ചരിത്രത്തിലെ ഒളിമങ്ങാത്ത നാഴികക്കല്ലാണ്. ലോകത്തിലെ മിക്കവാറും എല്ലാ ക്രൈസ്തവസഭകളും ഏറ്റുപറയുന്നത് അന്ന് അവതരിപ്പിച്ച ഈ വിശ്വാസ സംഹിതയാണ്. നിഖ്യാ സുന്നഹദോസിനുശേഷമുള്ള കാലഘട്ടത്തിൽ വിവിധ വിഷയങ്ങൾ സംബന്ധിച്ച് സഭയിൽ ഭിന്നതകൾ ഉണ്ടായെങ്കിലും ഈ സുന്നഹദോസ് നിശ്ചയങ്ങൾക്ക് മാറ്റം വരാതെ ഇന്നും ഈ സഭകളെല്ലാം പിന്തുടരുന്നു എന്നത് പ്രത്യേകം എടുത്തുപറയേണ്ടതാണ്. സഭകൾ തമ്മിലുള്ള ഐക്യം ക്രൈസ്തവ സാക്ഷ്യനിർവഹണത്തിന് അനിവാര്യമാണ് എന്നു കണ്ട് കഴിഞ്ഞ നൂറ്റാണ്ടിൽ രൂപംകൊണ്ട എക്യുമെനിക്കൽ പ്രസ്ഥാനങ്ങൾക്ക് അടിത്തറ പാകുന്നതിലും ഇത് നിർണായകമായ പങ്കുവഹിച്ചിട്ടുണ്ട്. കഴിഞ്ഞ ജനുവരിയിൽ ലൂതറൻ സഭാസമൂഹത്തെ അഭിസംബോധന ചെയ്യുമ്പോൾ പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ ഈയൊരു ചരിത്ര സാഹചര്യത്തെ അനുസ്മരിച്ചു പറയുന്ന വാക്കുകൾ ശ്രദ്ധേയമാണ്. “Dear Friends we have set out on a journey led by God’s kindly light that dissipates the darkness of division and directs our journey towards unity”... “We have set out, as brothers and sisters, on the journey towards ever fuller communion”.

യേശുക്രിസ്തുവിൽ വെളിപ്പെട്ട ദൈവത്തെ വെളിപ്പാടുകളുടെയും (Revelation) തിരുവെഴുത്തുകളുടെയും (Scripture) അടിസ്ഥാനത്തിൽ വിശദീകരിക്കുന്നതുവഴിയാണ് ക്രൈസ്തവ വിശ്വാസത്തെ ഏകീകരിക്കുന്നതും അനുരഞ്ജിപ്പിക്കുന്ന ഐക്യത്തിലേക്ക് എത്തിക്കുന്നതും. ക്രൈസ്തവസഭയുടെ വിശ്വാസത്തിന് ആക്ഷരീകരൂപം നൽകുന്നതിനും ആ കാലത്ത് നിലനിന്നിരുന്ന തത്വശാസ്ത്രങ്ങൾക്കും വിവിധ ചിന്താ പദ്ധതികൾക്കും മനസ്സിലാകുന്ന നിലയിൽ മനുഷ്യാവതാരം എന്ന ദൈവിക ഇടപെടലിനെ വ്യാഖ്യാനിക്കുന്നതും ക്രൈസ്തവ ചരിത്രത്തിലെ ഏറ്റവും വലിയ ഒരു ചുവടുവെപ്പ് ആയിരുന്നു.

നിഖ്യാ സുന്നഹദോസ് പിതാക്കന്മാർ അക്കാലത്തെ വിവിധ സഭാപാരമ്പര്യങ്ങളുടെ പ്രതിനിധികൾ ആയിരുന്നു എന്നത് വ്യക്തമാണ്. ആരാധനാരീതികളിലും ദൈവശാസ്ത്ര സമീപനങ്ങളിലും വ്യത്യസ്തത നിലനിന്നപ്പോഴും അടിസ്ഥാന വിശ്വാസധാരയിൽ നിന്ന് വ്യതിചലിക്കാതെ ഐക്യത്തോടെ അവർ നിലകൊണ്ടു. അറിയൂസ് മുന്നോട്ടു വച്ച വിശ്വാസ വൈപര്യത്യത്തെ സുന്നഹദോസ് തള്ളിക്കളഞ്ഞ് സത്യവിശ്വാസത്തെ ഉറപ്പിച്ചു. ഇവിടെ

**EDITORIAL BOARD**

*President*
**H. G. Dr. Thomas Mar Athanasius**
Metropolitan

*Chief Editor*
**Fr. Abraham Karamel**

*Mg. Editor*
**Mr. P. J. Varghese**

*Members*
**Fr. Marydas Stephen**
**Fr. Alias Kuttiparichel**
**Fr. Shibu Kurian**
**Fr. Binoy John**
**Prof. Dr. M. P. Mathai**
**Mr. A. G. James**
**Mrs. Jiji Johnson**

www.kandanadeast.org

## ഉള്ളടക്കം

പേജ്

എഡിറ്റോറിയൽ
**സുന്നഹദോസുകൾ ഇല്ലാത്ത കാലം** .......... 1

**തിരുവെഴുത്തുകൾ:**
**സഭയുടെ ആധികാരിക പാരമ്പര്യം-15** ...... 3
ഡോ. തോമസ് മാർ അത്താനാസ്യോസ്

**ഗാന്ധിയൻ അഹിംസ**
**അർത്ഥവും പ്രക്രിയയും** .............................. 8
ഡോ. എം. പി. മത്തായി

**എല്ലാം മുൻകൂട്ടി കണ്ടവൻ**
**കാണാതെ പോയത്** .................................. 10
ഫാ. ഷാജി കരിമ്പ്ലാനിൽ

**രണ്ടാമൂഴം** ...................................................... 13
ഫാ. സിബി മാത്യു വർഗീസ്

**പെന്തക്കോസ്തി പെരുന്നാളും**
**സ്ത്രീകളും**................................................. 14
ജിജി ജോൺസൺ

സഭകളെ മൊത്തത്തിൽ വിശ്വാസത്തിൽ ഉറപ്പിക്കുന്നതോടൊപ്പം അടിസ്ഥാന അനുരഞ്ജനത്തിലേക്കും സഭകളെ എത്തി ക്കുന്നുണ്ട്. ഐക്യം എന്നത് ഒന്നാകുക എന്ന സാധാരണ അർത്ഥത്തിന് അപ്പുറമായി അനുരഞ്ജനത്തിലൂടെയുള്ള സാർവ്വത്രിക കൂട്ടായ്മ (Communion) സാധ്യമാക്കുക എന്ന് പറയുന്നതാവും ശരി. അതായത് അനുരഞ്ജനത്തിൽ ആയിരിക്കുക എന്നതുതന്നെ വലിയ ഒരു സാക്ഷ്യനിർവഹണമാണ് എന്ന് ചുരുക്കം.

ഈ സുന്നഹദോസ് സംബന്ധിച്ച തുടർപഠനങ്ങൾ ഐക്യത്തിന്റെ പുതിയ മാനങ്ങൾ അന്വേഷിക്കുവാൻ സഹായകമാകുന്നുണ്ട്. നിഖ്യാവിശ്വാസ പ്രമാണം 'ത്രിത്വവിശ്വാസ'മെന്ന പൊതുപരിപ്രേക്ഷ്യത്തിലാണ് ദൈവിക വെളിപാടിന്റെ ചരിത്രത്തെയും മനുഷ്യാവതാരത്തെയും പരിശുദ്ധ റൂഹായെയും സഭയെയും യുഗാന്ത്യത്തെയും എല്ലാം കാണാൻ ശ്രമിക്കുന്നത്. 'ദൈവകേന്ദ്രീകൃതമായ' (Theocentric) സമീപനമാണ് ഇതിൽ അവലംബിക്കുന്നത്. അല്ലാതെ ക്രിസ്തുകേന്ദ്രീകൃത സമീപനം അല്ല (Christocentric) യേശുക്രിസ്തുവിന്റെ മനുഷ്യാവതാരത്തെ ചരിത്രത്തിലെ ദൈവിക പദ്ധതിയുടെ ഉള്ളിലാണ് പ്രതിഷ്ഠിക്കുന്നതും മനസ്സിലാക്കുന്നതും. ഈയൊരു സമീപനം കഴിഞ്ഞ രണ്ട് നൂറ്റാണ്ടുകളിലെ ക്രിസ്തീയ ദൗത്യനിർവ്വഹണത്തെയും അതിന്റെ സമീപനങ്ങളെയും സ്വാധീനിക്കുന്നുണ്ട്. ലോകത്തിലെ ഇതര മതങ്ങളെയും പ്രകൃതിയെ മുഴുവനും അനുരഞ്ജനത്തിലേക്ക് ക്ഷണിക്കുന്നതിനും അതുവഴി സമ്പൂർണ്ണ ഐക്യത്തിന്റെ പാതകളെ തുറക്കുന്നതിനും സാധ്യമാകുന്ന വിശാല ഐക്യം (Wider Ecumenisim) എന്ന പുതിയ എക്യുമെനിക്കൽ കാഴ്ചപ്പാട് അതുവഴി തുറന്നുവന്നതാണ്. ഇതര മതങ്ങളുമായി ആരോഗ്യകരമായ സംവാദത്തിൽ ഏർപ്പെടുന്നതും ദൈവത്തിന്റെ സൃഷ്ടി മുഴുവനെയും ഐക്യത്തിന്റെ അനുഭവത്തിൽ കൊണ്ടുവന്ന് സംയോജിപ്പിക്കുന്നതിനും ഇതുവഴി സാധിച്ചു. ഈയൊരു എക്യുമെനിക്കൽ ദർശനത്തിന് അടിത്തറയിടുന്നതിന് നിഖ്യാ ദൈവശാസ്ത്ര രൂപീകരണം സഭയെ സഹായിക്കുന്നുണ്ട്.

ഇന്ത്യയിലെ ക്രൈസ്തവസഭകൾ എല്ലാം തന്നെ അന്ന് ക്രോഡീകരിച്ച വിശ്വാസം ഏറ്റുപറയുന്ന സഭകളാണ്. എന്നാൽ ഈ വിശ്വാസം ഏറ്റുപറയുമ്പോഴും നാം ഇന്നും പലതരത്തിലുള്ള ഭിന്നതകളിൽ തുടരുകയാണ്. ഇതിനു കാരണം ഭിന്നിപ്പിക്കുന്ന മറ്റ് പലതും പിന്നെയും സഭകളിൽ കടന്നുകൂടി എന്ന് വ്യക്തം. ഇവ തീർപ്പാക്കപ്പെടാതെ കാലാകാലങ്ങളായി തുടരുന്നുവെങ്കിൽ അവയെ കണ്ടെത്തി പരിഹരിക്കാൻ നമുക്ക് സുന്നഹദോസുകൾ ഇല്ലാതെപോയി എന്നതാണ് ഈ കാലഘട്ടത്തിൽ സഭ നേരിടുന്ന ഏറ്റവും വലിയ ദുരവസ്ഥ. ഈയൊരു സഭാ സാഹചര്യത്തിന്റെ പ്രത്യക്ഷ ഉദാഹരണമാണ് മലങ്കര സഭ.

*ശേഷം 9-ാം പേജിൽ*

# തിരുവെഴുത്തുകൾ: സഭയുടെ ആധികാരിക പാരമ്പര്യം-15

**യേ**ശുവും പുതിയനിയമ എഴുത്തുകാരും അപ്പോസ്തോലികകാലത്തെ സഭയും പഴയനിയമവെളിപാടിനെ ആധികാരികമായി അംഗീകരിക്കുകയും പഴയനിയമരചനകളെ തിരുവെഴുത്തുകളായി പരിഗണിക്കുകയും ചെയ്തിരുന്നു എന്നത് മുൻ ചർച്ചകളിൽ വ്യക്തമായി. അതുകൊണ്ട് പ്രപഞ്ചസൃഷ്ടി നടത്തുകയും ഇസ്രായേലിന് നിയമങ്ങൾ നൽകുകയും പ്രവാചകർ വെളിപ്പെടുത്തുകയും ചെയ്ത ദൈവം തന്നെയാണ് പുതിയനിയമത്തിൽ വെളിപ്പെട്ടത് എന്ന കാര്യത്തിൽ ആദിമസഭയിൽ തർക്കമുണ്ടായിരുന്നില്ല. ഉപ അപ്പോസ്തോലികകാലഘട്ടം (Sub Appostolic Era) കഴിഞ്ഞ് രണ്ടാം നൂറ്റാണ്ടിന്റെ മദ്ധ്യം വരെ ഈ കാഴ്ചപ്പാടിന് പൊതുവായ സ്വീകാര്യത ഉണ്ടായിരുന്നു.

ഉപ അപ്പോസ്തോലിക കാലത്തെ പ്രധാനപിതാക്കന്മാർ അന്ത്യോഖ്യയിലെ ഇഗ്നാത്യോസ്, റോമിലെ ക്ലീമ്മീസ്, സ്മിർണായിലെ പോളിക്കാർപ്പോസ് തുടങ്ങിയവരായിരുന്നു. അവരുടെ രചനകളിൽ തിരുവെഴുത്തുകൾ എന്നാൽ പഴയനിയമം തന്നെ ആയിരുന്നു. തീർച്ചയായും ഇതിനോടകം പുതിയനിയമരചനകൾ സഭയിൽ ആധികാരികത നേടിയിരുന്നു എന്നത് അവരുടെ രചനകൾ സാക്ഷിക്കുന്നു. എന്നാൽ പഴയനിയമതിരുവെഴുത്തുകളെ വ്യാഖ്യാനിക്കുന്നത് പുതിയനിയമവെളിപാടിന്റെയും അപ്പോസ്തോലിക രചനകളുടെയും അടിസ്ഥാനത്തിൽ ആയിരിക്കണം എന്ന കാഴ്ചപ്പാടാണ് അവർ പുലർത്തിയിരുന്നത്. പഴയനിയമം മനസ്സിലാക്കുവാനുള്ള താക്കോൽ ക്രിസ്തുവിലൂടെയുള്ള വെളിപാടും അപ്പോസ്തോലികരചനകളും ആയിരുന്നു എന്ന് സാരം (ഫിലാദൽഫിയ ലേഖനം 8:2-9.1). ഇത് ഉപ അപ്പോസ്തോലികകാലത്തെ സഭയുടെ പൊതുവായ വീക്ഷണമായിരുന്നു.

എന്നാൽ രണ്ടാം നൂറ്റാണ്ടിന്റെ മദ്ധ്യത്തോടെ സഭയുടെ ഈ കാഴ്ചപ്പാടിനു വിരുദ്ധമായ അഭിപ്രായങ്ങൾ ഉയർന്നു. പൊണ്ടസുകാരനായ മാർക്കിയോൻ എന്നൊരാൾ പഴയനിയമം അപ്പാടെ തള്ളിക്കളഞ്ഞു. പുതിയനിയമരചനകളിൽ ലൂക്കോസിന്റെ സുവിശേഷവും പൗലോസിന്റെ പത്തു ലേഖനങ്ങളും മാത്രമാണ് സഭയ്ക്ക് ആധികാരികമായുള്ളൂ എന്ന വാദം ഉയർത്തി. ഈ കാലത്തു തന്നെ സജീവമായിത്തീർന്ന നോസ്റ്റിക് (gnostic) വിഭാഗങ്ങൾ പഴയനിയമം നിരാകരിക്കുകയും അപ്പോസ്തലന്മാരുടെ പേരിൽ അംഗീകരിക്കപ്പെട്ടിരുന്ന എഴുത്തുകൾക്കു സമാന്തരമായി നിരവധി രചനകളിലൂടെ (ഫിലിപ്പോസിന്റെ സുവിശേഷം, തോമസിന്റെ സുവിശേഷം, സത്യത്തിന്റെ സാക്ഷ്യം തുടങ്ങിയവ) വിശ്വാസികൾക്കിടയിൽ ആശയക്കുഴപ്പം സൃഷ്ടിച്ച് പുതിയനിയമരചനകളുടെ പ്രസക്തി കുറയ്ക്കാൻ ശ്രമിക്കുകയും ചെയ്തു. ഇവരുടേതായ വലിയൊരു ഗ്രന്ഥശേഖരം കഴിഞ്ഞ നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ അപ്പർ ഈജിപ്തിൽ നാഗ് ഹമ്മാദി (Nag Hammadi) എന്ന സ്ഥലത്തു നിന്ന് ലഭിക്കുകയുണ്ടായി. ഇതിൽ നിന്നും അവരുടെ ചിന്തകളും ഉപദേശങ്ങളും സംബന്ധിച്ച കാഴ്ചപ്പാടുകൾ കൂടുതൽ വ്യക്തമായി.

മാർക്കിയോനും നോസ്റ്റിക്കുകളും ഉൾപ്പെടെയുള്ളവർ തിരുവെഴുത്തുകൾ സംബന്ധിച്ച വിലയിരുത്തലുകൾ രൂപപ്പെടുത്തിയത് അവരുടെ പ്രപഞ്ചവീക്ഷണത്തിന്റെ (world view) അടിസ്ഥാനത്തിലായിരുന്നു. അവരെ സംബന്ധിച്ചിടത്തോളം ഭൗതികലോകം മുഴുവനും ദുഷ്ടവും വികലവും കാരാഗൃഹതുല്യവും ആയിരുന്നു. കടുത്ത pessimistic ലോകവീക്ഷണം ആയിരുന്നു അവർക്കുണ്ടായിരുന്നത്. അതിനനുസൃതമായ വേദചിന്തയാണ് അവർ രൂപപ്പെടുത്തിയത് . ലോകം വികലവും ദുഷ്ടവും ആയി അവർ മനസ്സിലാക്കിയതിനാൽ ലോകത്തിൽ അരങ്ങേറിയ ചരിത്രത്തെയും അവർ അവമതിച്ചു. ഇപ്രകാരമുള്ള ഒരു ലോകം സൃഷ്ടിക്കുകയും അതു നിലനിർത്തുകയും അതിൽ സ്വയം വെളിപ്പെടുകയും ചെയ്യുന്ന ദൈവം അപരിഷ്കൃതനും അലിവില്ലാത്തവനുമായ ഒരു ദൈവമായിരിക്കണം എന്ന നിഗമനത്തിൽ അവർ എത്തിച്ചേർന്നു. ഈ ദൈവത്തിന്റെ പ്രകൃതം പഴയനിയമത്തിലെ ദൈവത്തിൽ (യഹോവ) കണ്ടെത്തി. പുതിയനിയമത്തിൽ യേശു പരിചയപ്പെടുത്തിയ ദൈവം സ്നേഹവും അലിവുള്ളവനും ആയിരുന്നു. അതിന്റെയടിസ്ഥാനത്തിൽ പഴയനിയമത്തിലെ സൃഷ്ടികർത്താവായ ദൈവവും പുതിയനിയമത്തിൽ യേശുവിൽ വെളിപ്പെട്ട രക്ഷകനായ ദൈവവും എന്നിങ്ങനെ രണ്ടു ദൈവങ്ങൾ ഉണ്ട് എന്ന വാദം അവർ അവതരിപ്പിച്ചു. അക്കാരണത്താൽ പഴയനിയമവും അതിലെ ന്യായപ്രമാണവും അതു വെളിപ്പെടുത്തിയ

ദൈവവും യേശു അവതരിപ്പിച്ച സുവിശേഷത്തിനും അതിൽ വെളിപ്പെട്ട ദൈവത്തിനും വിരുദ്ധമാണ് എന്ന് അവർ വാദിച്ചു. പഴയനിയമം സൃഷ്ടികർത്താവായ ദൈവത്തിന്റെയും പുതിയനിയമം രക്ഷകനായ ദൈവത്തിന്റെയും സ്വഭാവത്തിനനുസൃതമായ രണ്ടു വിരുദ്ധനിയമങ്ങളായി അവർ വിലയിരുത്തി. അങ്ങനെ പഴയനിയമത്തെയും അതിൽ വെളിപ്പെട്ട ദൈവത്തെയും നോസ്റ്റിക്കുകൾ തിരസ്കരിച്ചു.

ആ അടിസ്ഥാനത്തിലായിരുന്നു അവർ രക്ഷാസിദ്ധാന്തവും രൂപപ്പെടുത്തിയത്. വികലവും പ്രാകൃതവുമായ സൃഷ്ടി എന്നത് കാരാഗൃഹതുല്യമാണ്. സൃഷ്ടിക്ക് രക്ഷാസാദ്ധ്യതയില്ല. രക്ഷ എന്നത് സൃഷ്ടിയിൽ ബന്ധിതമായ ആത്മാക്കളുടെ മോചനമാണ്. അതായത് സൃഷ്ടിയും രക്ഷയും വിരുദ്ധധ്രുവങ്ങളായി അവർ ചിന്തിച്ചു. അതിന്റെയടിസ്ഥാനത്തിൽ അവരുടെ കാഴ്ചപ്പാടിൽ രക്ഷ എന്നാൽ സൃഷ്ടിയുടെ ക്രമത്തിൽ നിന്നും സ്രഷ്ടാവിന്റെ ആധിപത്യത്തിൽ നിന്നുമുള്ള വിമോചനമാണ്; സൃഷ്ടിയുടെ വീണ്ടെടുക്കൽ അല്ല. ഈ രക്ഷ സാധിക്കുന്നത് യേശു തന്റെ ശിഷ്യന്മാർക്കു വെളിപ്പെടുത്തിയതും നോസ്റ്റിക് ഗുരുക്കന്മാരിലൂടെ പിൻതലമുറയ്ക്കു നൽകിയതുമായ രഹസ്യജ്ഞാനം (gnosis) വഴിയാണ്. ഇതു ലഭിക്കുന്നവർക്കാണ് രക്ഷ ലഭിക്കുന്നത്. വിമോചനാത്മകമായ രഹസ്യജ്ഞാനം പ്രാപിച്ചവരുടെ കൂട്ടായ്മയാണ് നോസ്റ്റിക് കൂട്ടായ്മ (conventicle). ഇവർക്കാണ് രഹസ്യജ്ഞാനത്തിന്റെയും രക്ഷയുടെയും കുത്തക. പഴയനിയമത്തിലെ ദൈവം സൃഷ്ടിച്ചതും ഭൂമിയിൽ ഇടപെട്ടതും ചരിത്രത്തിലാണ്. ഭൗതികലോകത്തിൽ അരങ്ങേറുന്ന ചരിത്രത്തെ നോസ്റ്റിക്കുകളും മാർക്കിയോനും അവമതിക്കുകയും അതുകൊണ്ട് രക്ഷ ചരിത്രത്തിനതീതമാണ് എന്ന് തിരുത്തുകയും ചെയ്തു. ചുരുക്കത്തിൽ നോസ്റ്റിക്-മാർക്കിയോൻ വിഭാഗക്കാരുടെ സൃഷ്ടിവിരുദ്ധമനോഭാവം അവരെ രണ്ടു ലോകം, രണ്ടു ദൈവം, രണ്ടു വെളിപാടുകൾ, സൃഷ്ടിയും രക്ഷയും വിരുദ്ധം എന്നീ കാഴ്ചപ്പാടുകൾ രൂപപ്പെടുത്തുന്നതിനിടയാക്കി. അതിന്റെയടിസ്ഥാനത്തിൽ അവർ പഴയനിയമത്തെയും അതിൽ വെളിപ്പെട്ട ദൈവത്തെയും പുതിയനിയമത്തിനും ക്രിസ്തു വെളിപ്പെടുത്തിയ ദൈവത്തിനും ബദലായി അവതരിപ്പിക്കുകയും ചെയ്തു. ഈ ദ്വയ ദൈവ-വെളിപാടു സിദ്ധാന്തം സഭയ്ക്കുള്ളിൽ ചിന്താക്കുഴപ്പം സൃഷ്ടിച്ചു.

ഈ സിദ്ധാന്തം നിലവിലിരുന്ന വേദശാസ്ത്ര-വിശ്വാസ-പാരമ്പര്യങ്ങൾക്കു വിരുദ്ധമായി സഭ കാണുകയും അതിനെ ചെറുത്ത് സഭാവിശ്വാസം സംരക്ഷിക്കേണ്ടത് സഭ ഒരു വെല്ലുവിളിയായി ഏറ്റെടുക്കുകയും ചെയ്തു. ദൈവത്തിന്റെയും വെളിപാടുകളുടെയും ഐക്യം, അതിനനുസൃതമായ രക്ഷാസിദ്ധാന്തം എന്നിവ പുനഃസ്ഥാപിക്കുന്നതും ദ്വൈതവാദത്തെ പ്രതിരോധിക്കേണ്ടതും സഭയുടെ ഉത്തരവാദിത്വമായി. ലിയോണിലെ വി. ഐറേനിയസ്, റോമിലെ വി. ഹിപ്പോലിറ്റസ്, കാർത്തേജിലെ വി. തെർത്തുല്യൻ, സാലമിസിലെ വി. എപ്പിഫാനിയസ്, സുറിയാനിക്കാരനായ വി. അപ്രേം തുടങ്ങിയവർ മേൽപ്പറഞ്ഞ വിശ്വാസവിരുദ്ധപ്രവണതകളെ ഖണ്ഡിക്കുവാനായി രചനകൾ നടത്തിയ പിതാക്കന്മാരാണ്. ഇവരിൽ വേദപുസ്തക-ആശയ-വേദശാസ്ത്ര തലത്തിൽ വ്യവസ്ഥാപിത (systematic) മായി ഏറ്റവും ഫലപ്രദമായി പ്രതിരോധിച്ചത് ലിയോണിലെ ഐറേനിയസ് ( AD 130-202 ) ആയിരുന്നു. ഇതു സംബന്ധിച്ച് അദ്ദേഹത്തിന്റെ വിഖ്യാതമായ രണ്ടു രചനകൾ: വേദവിപരീതങ്ങൾക്കെതിരെ (Adversus Hereses), അപ്പോസ്തോലിക പ്രഭാഷണം (On the Apostolic preaching) എന്നിവയാണ്. ഇതിൽ ആദ്യത്തേത് വേദവിപരീതവിരുദ്ധ രചനയും രണ്ടാമത്തേത് സഭാവിശ്വാസം സംബന്ധിച്ച ഹ്രസ്വമായ പ്രബന്ധവും ആണ്. നോസ്റ്റിക്കുകളും മാർക്കിയോനും അവതരിപ്പിച്ച രണ്ടു ദൈവ-രണ്ടു വെളിപാട് വാദവും രക്ഷ എന്നത് സ്രഷ്ടാവിന്റെ അടിമത്തത്തിൽ നിന്നുള്ള മോചനമാണ് എന്ന വീക്ഷണവും ക്രിസ്തീയ പാരമ്പര്യ-വിശ്വാസങ്ങൾക്കു നിരക്കാത്തതാണ് എന്ന് ഈ രചനകളിലൂടെ ഐറേനിയസ് സമർത്ഥിക്കുകയായിരുന്നു.

വ്യക്തികളുടെ പ്രപഞ്ചവീക്ഷണത്തിന്റെയടിസ്ഥാനത്തിൽ വെളിപാടിനെയും ദൈവത്തെയും വിലയിരുത്തുന്നത് രീതിശാസ്ത്രപ്രകാരം നീതീകരിക്കാവുന്നതല്ല എന്നതായിരുന്നു ഐറേനിയസിന്റെ വാദം. ചരിത്രത്തിൽ അരങ്ങേറിയ ദൈവികവെളിപാട് ശരിയായി തിരിച്ചറിഞ്ഞും ദൈവദാനമായ യുക്തി പ്രയോജനപ്പെടുത്തിയുമാണ് വിഷയങ്ങൾ മനസ്സിലാക്കുവാനാകുന്നത് എന്ന നിലപാടായിരുന്നു അദ്ദേഹത്തിന്റേത്. വെളിപാടിന്റെയും അതിൽ വെളിപ്പെടുന്ന ദൈവത്തിന്റെയും ഐക്യം സഭയുടെ വിശ്വാസമാണ് എന്ന് അദ്ദേഹം സ്ഥാപിച്ചു. സൃഷ്ടിയുടെയും രക്ഷയുടെയും ഐക്യം ദൈവികപദ്ധതിയുടെ അടിസ്ഥാനത്തിൽ തിരിച്ചറിഞ്ഞ കാര്യമായും അദ്ദേഹം സമർത്ഥിച്ചു. നോസ്റ്റിക്കുകളുടെ രഹസ്യവിജ്ഞാനത്തിനു പകരമായി സഭയുടെ സത്യവിശ്വാസവും അവരുടെ രഹസ്യവിജ്ഞാനത്തിന്റെ പിന്തുടർച്ചയ്ക്കു ബദലായി അപ്പോസ്തോലികവിശ്വാസ പിന്തുടർച്ചാശൃംഖലയും (apostolic succession) അദ്ദേഹം അവതരിപ്പിച്ചു. നോസ്റ്റിക്കുകളുടെ രഹസ്യകൂട്ടായ്മയ്ക്കു ബദലായി

സഭയെ അദ്ദേഹം പ്രതിഷ്ഠിച്ചു. അങ്ങനെ ഐറേനിയസ് നോസ്റ്റിക് -മാർക്കിയോൻ വേദവിപരീതത്തെ സമർത്ഥമായി പ്രതിരോധിച്ച് സഭാ വിശ്വാസം നിലനിർത്തി.

ഐറേനിയസിന്റെ വേദ ശാസ്ത്രനിലപാട് അദ്ദേഹം തിരു വചനാടിസ്ഥാനത്തിൽ സ്ഥാപി ക്കുന്നു. പ്രപഞ്ചത്തിന്റെ കുറവു കളുടെയും വൈകല്യങ്ങളുടെയും അടിസ്ഥാനം അതു സൃഷ്ടിക്കു കയും അതിൽ ഇടപെടുകയും ചെയ്യുന്ന ദൈവത്തിൽ ആരോ പിച്ചു കൂടാ. പ്രത്യുത ദൈവിക ക്രമത്തോടു മറുതലിച്ച മനുഷ്യനും അവന്റെ വീഴ്ചയിൽ പങ്കുചേർന്ന പ്രകൃതിയുമാണ് അതിന്റെ അടി സ്ഥാനം. അതാണ് തിരുവെഴു ത്തിൽ നാം കാണുന്നത്. അതു കൊണ്ട് ലോകത്തിൽ മനുഷ്യന്റെ അനുഭവങ്ങളുടെയടിസ്ഥാനത്തിൽ പ്രപഞ്ചത്തെയോ അതു സൃഷ്ടിച്ച ദൈവത്തെയോ പഴിക്കാനാവില്ല എന്നതായിരുന്നു ഐറേനിയ സിന്റെ വാദം.

പഴയനിയമവെളിപാടിനെയും മാർക്കിയോൻ-നോസ്റ്റിക്കുകൾ തെറ്റായിട്ടാണ് മനസ്സിലാക്കുന്നത് എന്ന് ഐറേനിയസ് സ്ഥാപി ക്കുന്നു. വെളിപാട് എന്നത് ദൈവ ത്തിന്റെ ചരിത്രത്തിലുള്ള സ്വയം വിരിയൽ (self unfolding of God in the history) ആണ്. അതിന്റെ സവി ശേഷതകൾ ചരിത്രപരത, തുടർച്ച (continuity), പുരോഗമനസ്വഭാവം (prograssive nature) എന്നിവ യാണ്. മനുഷ്യന് ഉൾക്കൊള്ളാ വുന്ന തരത്തിൽ ചരിത്രത്തിൽ ക്രമാനുഗതമായി ദൈവികവെളി പാട് അരങ്ങേറുന്നു. ഭൂതകാലവെ ളിപാടും തുടർകാല വെളിപാടും തമ്മിൽ അനുഭവപ്പെടുന്ന വൈരു ദ്ധ്യങ്ങൾ ദൈവികവെളിപാടിന്റെ പുരോഗമനസ്വഭാവത്തിന്റെയും അതുവഴി വിശ്വാസിസമൂഹത്തിന് ദൈവികബോധത്തിലുണ്ടായ പരി ണാമത്തിന്റെയും അടിസ്ഥാന ത്തിൽ പരിഹാരം കണ്ടെത്താൻ സാധിക്കേണ്ടതാണ്. അവയെ ധ്രുവീകരിച്ച് വിരുദ്ധവെളിപാടു കളായി അവതരിപ്പിക്കുകയല്ല ന്യായം. അതായത് ഈ പുരോഗ മന (progressive) വെളിപാടിന്റെ അടിസ്ഥാനത്തിൽ തിരുവെഴു ത്തിനെ അതിന്റെ സമഗ്രതയിലും ഐക്യത്തിലും കണ്ടെത്തുവാൻ സാധിക്കും. വെളിപാടിൽ നിന്ന് ഒരു ഭാഗം അടർത്തിമാറ്റി അതിനെ സ്വതന്ത്രമാക്കി ആത്യന്തവത്കരി ക്കുന്ന രീതിശാസ്ത്രത്തിന് യുക്തി യും നീതീകരണവും ഇല്ല. അതു വഴി വെളിപാടിന്റെ പൂർണ്ണത (wholeness), തുടർച്ച (continuity), പാരസ്പര്യത എന്നിവ നിഷേധി ക്കുകയാണ്. ഈ സമീപനം രീതി ശാസ്ത്രപരമായി അസ്വീകാര്യ മായി ഐറേനിയസ് കാണുന്നു.

പഴയനിയമത്തിലെ നിയമ ങ്ങൾ, പ്രവചനങ്ങൾ, ജ്ഞാന സൂക്തങ്ങൾ, സംഭവങ്ങൾ എന്നിവ യെല്ലാം പ്രവചനസ്വഭാവം ഉള്ളവ യാണ്. അതുകൊണ്ട് യാഥാർത്ഥ്യ ത്തിലേക്കുള്ള സൂചകങ്ങളായി ഇവയെ മനസ്സിലാക്കുമ്പോൾ അവ യുടെ അന്യോന്യബന്ധം വ്യക്ത മാകും. ഇവിടെയാണ് നോസ്റ്റി ക്കുകൾക്ക് തിരുത്ത് ആവശ്യമായി വരുന്നത്. വെളിപാടു സംഭവിക്കു ന്നത് ആകസ്മികമായും ഒറ്റപ്പെട്ടു മല്ല; കൃത്യമായ ആസൂത്രണ പ്രകാ രമാണ്. അവ രക്ഷയിലേക്കുള്ള പാതയിലെ സംഭവശൃംഖലയാണ്. They are not mere facts and incidents. They are planned and directed by God to be the history of salvation (Norbert Brox, Irenaeus von Lyon, P. 90). ഇത്തരത്തിലുള്ള വെളിപാടിനെ ഐറേനിയസ് 'economy of revelation' എന്നു വിളിക്കുന്നു. വെളിപാടുസംഭവങ്ങ ളുടെ യുക്തിയും ലക്ഷ്യവും തിരി ച്ചറിയാതെ പോയതാണ് നോസ്റ്റി ക്കുകളെ തെറ്റായ നിഗമനങ്ങ ളിൽ എത്തിച്ച് ദ്വൈതവാദികൾ (dualists) ആക്കിയത്.

ക്രിസ്തുസംഭവവും രക്ഷാ പരിപാടിയും പഴയനിയമവെളിപാ ടിന്റെ ലക്ഷ്യവും സാക്ഷാത്കാര വും ആയിരുന്നു എന്ന് സുവിശേഷ ങ്ങൾ തന്നെ സാക്ഷ്യപ്പെടുത്തുന്നു. അതുകൊണ്ട് സഭയെ പഴയനിയമ യിസ്രായേലിന്റെ പിന്തുടർച്ചയും യാഥാർത്ഥ്യവുമായി കാണണം. വിശ്വാസിസമൂഹത്തിനാണ് വെളി പാടും തിരുവെഴുത്തുകളും ഭര മേല്പിക്കപ്പെട്ടിരിക്കുന്നത്. ആ പശ്ചാത്തലത്തിൽ സഭയാണ് ഇവയെ വ്യാഖ്യാനിക്കേണ്ടത്. സഭയിലാണ് വ്യാഖ്യാനമാനദണ്ഡ മായ സത്യവും വിശ്വാസവും സ്ഥി തിചെയ്യുന്നത്. നോസ്റ്റിക്കുകൾ തങ്ങളുടെ വാദങ്ങൾ സ്ഥാപിക്കു ന്നതിനായി അവ ക്രിസ്തുവിൽ നിന്നും രഹസ്യഗുരുക്കന്മാരുടെ ശൃംഖല വഴി പ്രാപിച്ചു എന്ന വാദം ഉന്നയിച്ചു. ഇതിനു ബദലായി സഭയുടെ നിലപാടുകളുടെ ആധി കാരികത സ്ഥാപിക്കുവാനായി ഐറേനിയസ് അപ്പോസ്തലന്മാ രിൽ നിന്നും ആരംഭിച്ച പിന്തുടർച്ച ശൃംഖലാ ലിസ്റ്റുകൾ അവതരിപ്പിച്ച് സഭയുടെ നിലപാടിനെ സാധൂക രിച്ചു. വിശ്വാസത്തിന്റെയും സത്യ ത്തിന്റെയും പിന്തുടർച്ച ഓരോ പ്രാദേശികസഭയിലും നിലനിന്നു വന്നിരുന്ന അദ്ധ്യക്ഷപദവികളിലൂ ടെയാണ് എന്ന് ഐറേനിയസ് സ്ഥാപിക്കുകയായിരുന്നു. വിശ്വാ സത്തിന്റെ ആധികാരികത നില നിൽക്കുന്നത് പിന്തുടർച്ചയുണ്ടാ കുന്ന രഹസ്യഗുരുക്കന്മാരുടേതായ ചങ്ങലയിൽ നിന്നല്ല മറിച്ച്, പ്രാദേശികസഭകളിലൂടെയും അവയുടെ അദ്ധ്യക്ഷന്മാരിലൂടെ യുമാണ്. അവർ തമ്മിലുള്ള അഭി പ്രായ ഐക്യമാണ് സത്യത്തിന്റെ തെളിവ്. അതുകൊണ്ട് സഭയ്ക്കു ള്ളിലും പുറത്തും ഉള്ള വ്യക്തികൾ അവരുടെ രീതിയിൽ ഉയർത്തിയ ദ്വൈതചിന്തകൾക്ക് അടിസ്ഥാ നമില്ല എന്ന് ഐറേനിയസ് സ്ഥാപിച്ചു.

ദൈവികവെളിപാടിന്റെ ഉദ്ദേശ്യം മനുഷ്യന്റെ രക്ഷയിലേ

ക്കുള്ള യാത്രയിലെ അഭ്യസനം (paideia) ആണ്. അതുകൊണ്ട് വെളിപാട് എന്നത് ദൈവികഭ്യസനം ആയി (divine pedegogy) ഐറേനിയസ് മനസ്സിലാക്കി. അത് ഒന്നോടൊന്നു ബന്ധമില്ലാത്ത വെളിപ്പെടുത്തൽ അല്ല. പ്രത്യുത ക്രമാനുഗതവും പുരോഗമനപര (progressive) വുമായി ചരിത്രത്തിൽ നടക്കുന്നതാണ്. അതിന്റെ ഫലമായി ദൈവജനത്തിൽ നടക്കുന്നത് ദൈവജ്ഞാനത്തിലും രക്ഷയിലുമുള്ള പരിണാമമാണ്. ഈ ദീർഘമായ പഠനപ്രക്രിയയായി വെളിപാടിനെ കാണേണ്ടതുണ്ട്. അതുവഴി ലഭ്യമാകുന്ന പഠനവും സത്യാനുഭവവും ഉൾക്കാഴ്ചയും വഴി മനുഷ്യൻ രക്ഷയുടെ പൂർണ്ണതയിലേക്കു വളരുകയാണ്. ഇതിന്റെ ചരിത്രമാണ് തിരുവെഴുത്തുകളിലെ ഇരുഭാഗങ്ങളിലുമായി കാണുന്നത്. അതേസമയം ഈ പഠനക്രമം/വെളിപാടുചരിത്രം മുറിക്കുകയാണ് മാർക്കിയോനും നോസ്റ്റിക്കുകളും ചെയ്യുന്നത്. അതിന്റെയർത്ഥം മനുഷ്യന്റെ പഠന-രക്ഷാപ്രക്രിയയും പരിണാമചരിത്രവും മുറിച്ച് വെളിപാടു ചരിത്രത്തിന് അർത്ഥം ഇല്ലാതാക്കുകയാണ്.

മാർക്കിയോൻ-നോസ്റ്റിക് ചിന്തകളിൽ സൃഷ്ടിയും രക്ഷയും വിരുദ്ധസങ്കല്പങ്ങളാണ്. ലോകം അപൂർണ്ണവും അനീതി നിറഞ്ഞതും ഹീനവുമായ ഒന്നാണ്. അതുകൊണ്ട് സൃഷ്ടിക്ക് രക്ഷ അപ്രാപ്യമാണ്. രക്ഷ എന്നത് ഈ ലോകത്തിൽ നിന്നുള്ള വീണ്ടെടുപ്പാണ്. എന്നാൽ ഐറേനിയസിന്റെ കാഴ്ചപ്പാടിൽ രക്ഷ എന്നത് സൃഷ്ടിയിൽ തന്നെ ഗുപ്തമാണ്. അതിന്റെ പക്വതയും വളർച്ചയും ആണ് രക്ഷ. സൃഷ്ടിയും രക്ഷയും എന്നത് ആരംഭവും അന്ത്യവുമാണ്. സൃഷ്ടിയിൽ ഈ രക്ഷാ potential ഇല്ലെങ്കിൽ അതിന് രക്ഷയിലെത്താനാവില്ല. ഐറേനിയസിനെ സംബന്ധിച്ചിടത്തോളം രക്ഷ സൃഷ്ടിയുടെ പാകപ്പെടലും (maturation) പൂർത്തീകരണവും (culmination) ആണ്. ഒരു ശിശുവിന്റെ ശൈശവാവസ്ഥയിൽ നിന്നും പ്രായപൂർത്തിയിലേക്കുള്ള (adulthood) വളർച്ച പോലെയാണ് അത്. കുഞ്ഞിൽ ഗുപ്തമായ വികാസ-വളർച്ചാ സാദ്ധ്യതയില്ലെങ്കിൽ അതിന് വളർച്ചയിലെത്താനാവില്ല. ശിശുത്വത്തിന്റെ അപൂർണ്ണത (imperfection) അതിന്റെ സ്രഷ്ടാവിന്റെ കുറവായി ആരോപിക്കുന്ന ഒന്നല്ല. അത് സ്രഷ്ടാവിന്റെ ആസൂത്രണ (planning) ത്തിന്റെ വിഷയമാണ്. അതിന്റെ പൂർണ്ണതാസാദ്ധ്യത (possibility of perfection) യാണ് സ്രഷ്ടാവിന്റെ സ്വഭാവം വ്യക്തമാക്കുന്നത്. മനുഷ്യന്റെ പ്രകൃതം becoming ആണ്. ഐറേനിയസ് ഇവിടെ പൗലോസിന്റെ കൊലോസ്യ-എഫേസ്യ ലേഖനങ്ങളിൽ കാണുന്ന വേദശാസ്ത്രകാഴ്ചപ്പാടുകളോട് വിശ്വസ്തത പുലർത്തിക്കൊണ്ടാണ് തന്റെ വേദശാസ്ത്രം വികസിപ്പിക്കുന്നത്.

ദൈവത്തിന്റെ രൂപവും (eikon) പ്രതിച്ഛായയും (homoiosis) എന്നത് മനുഷ്യനു നൽകപ്പെട്ട വാഗ്ദത്തമാണ്. പൂർണ്ണതയിൽ അല്ല മനുഷ്യൻ സൃഷ്ടിക്കപ്പെട്ടത്; പൂർണ്ണതയിലേക്ക് വളരുവാനാണ്. പൂർണ്ണത സിദ്ധിക്കുന്നത് യുഗാന്ത്യത്തിലാണ്. ആ പൂർണ്ണത സാക്ഷാത്കരിച്ച മനുഷ്യാവതാരം ചെയ്ത ക്രിസ്തു അതിന്റെ സൂചനയാണ്. ക്രിസ്തുരൂപത്തിൽ മനുഷ്യൻ എത്തിച്ചേരുന്നത് യുഗാന്ത്യത്തിലെ പരിണാമസമാപ്തിയിലാണ്. അതായത് സൃഷ്ടിയുടെ പൂർണ്ണവത്കരിക്കലാണ് രക്ഷ എന്നത്. അതു സാദ്ധ്യമാകണമെങ്കിൽ സ്രഷ്ടാവും രക്ഷകനും ഒരു ദൈവം ആവുക അനിവാര്യമാണ്. അതായത് മനുഷ്യന്റെ സാദൃശ്യവും സ്വരൂപവും (image and likeness) എന്നത് മനുഷ്യന്റെ ഭാഗധേയ (destiny) മാണ്. അത് ആദി സൃഷ്ടിയുടെ വിശേഷതയല്ല; രക്ഷയുടെ അവസ്ഥയാണ്. മനുഷ്യനെ സംബന്ധിച്ച് സൃഷ്ടിയും രക്ഷയും എന്നത് ഒരു പുഴയുടെ തുടക്കവും പരിസമാപ്തിയും പോലെ ബന്ധപ്പെട്ടിരിക്കുന്നു. അതുകൊണ്ട് സൃഷ്ടിയും രക്ഷയും തമ്മിൽ വേർപിരിക്കാനാവില്ല. ശരിയായ ഒരു സൃഷ്ടിവേദശാസ്ത്രം ഇല്ലാതെ പോയ മാർക്കിയോൻ-നോസ്റ്റിക് വേദശാസ്ത്രത്തിന്റെ പിശകാണ് ഐറേനിയസ് തിരുത്തുന്നത്. ഇവിടെ സൃഷ്ടിയിൽ നിന്നു രക്ഷയിലേക്കുള്ള പരിണാമമായി രക്ഷാചരിത്രത്തെ കാണേണ്ടതുണ്ട്. മനുഷ്യവംശത്തിന്റെ പരിണാമവും വളർച്ചയും എന്നത് പൗലോസിന്റെ വേദശാസ്ത്രത്തിനുള്ള വിഷയമാണ് (കൊലോ. ch. 10, എഫേ. 2:21; 3:16; 4:15). ഇതു നയിക്കുന്നത് പ്രാപഞ്ചികവളർച്ച (cosmic growth) യിലേക്കാണ്. ദൈവസാദൃശ്യത്തിലാകാൻ സൃഷ്ടിക്കപ്പെട്ട മനുഷ്യനും സൃഷ്ടി മുഴുവനും ക്രിസ്തുവിൽ സംക്ഷിപ്തീകരിക്കപ്പെട്ട് (recapitulation) വീണ്ടെടുക്കപ്പെടുകയായിരുന്നു.

വിൽഹെം ഹേഗലി (Wilhem Hegel 1771-1830) ന്റെ ചിന്തയനുസരിച്ച് ചരിത്രത്തിൽ നാം ദർശിക്കുന്ന വൈരുദ്ധ്യാത്മകത (dialetics) മനസ്സിലാകുന്നത് ചരിത്രാന്ത്യത്തിൽ തെളിയുന്ന യാഥാർത്ഥ്യ ഐക്യദർശനത്തിലാണ്. വൈരുദ്ധ്യങ്ങൾ തന്നെ അന്യോന്യം വേർപ്പെടുത്താവുന്നതല്ല. അവയുടെ സമഗ്രതയിലാണ് പൂർണ്ണത (wholeness) ഹേഗൽ കണ്ടെത്തുന്നത്. ഈ ആത്യന്തിക യാഥാർത്ഥ്യ ഐക്യദർശനത്തിന്റെ യടിസ്ഥാനത്തിലാണ് ചരിത്രത്തിലെ വൈരുദ്ധ്യങ്ങളെ തിരിച്ചറിയുവാനും വിലയിരുത്തുവാനും കഴിയുന്നത്. അന്ത്യാനുഭവങ്ങളിൽ നിന്നും കാലികവസ്തുതകൾ മനസ്സിലാകുന്ന teleological approach ആണ് അദ്ദേഹത്തിന്റേത്. ഈ

സമീപനം നൂറ്റാണ്ടുകൾക്കു മുമ്പ് ഐറേനിയൻ വേദശാസ്ത്രത്തിൽ കണ്ടെത്താനാകും. വ്യാവഹാരിക ജീവിതനിരീക്ഷണങ്ങൾ അല്ല സത്യാന്വേഷണത്തിന്റെ ആധാരം. യുഗാന്ത്യ യാഥാർത്ഥ്യ ദർശനത്തിലെ സമഗ്രാനുഭവമാണ് സത്യാന്വേഷണത്തിന്റെ ഗതി നിയന്ത്രിക്കുന്നത് എന്നാണ് ഐറേനിയസ് ചിന്തിക്കുന്നത്. ഈ അടിസ്ഥാനത്തിലാണ് പ്രപഞ്ചാനുഭവത്തിൽ അധിഷ്ഠിതമായ നോസ്റ്റിക് ദ്വൈതവാദത്തെ ഐറേനിയസ് പ്രതിരോധിക്കുന്നത്.

പഴയനിയമവും പുതിയ നിയമവും തിരുവെഴുത്ത് എന്ന നിലയിൽ എപ്രകാരം ഐക്യപ്പെട്ടിരിക്കുന്നു എന്നത് ഐറേനിയസ് വ്യക്തമാക്കുന്നു. ചരിത്രത്തിലുള്ള ദൈവികവെളിപാടും അതിന്റെ പുരോഗമനസ്വഭാവവും (prograssive nature), വെളിപാട് അഭ്യസനമാണ് എന്ന ചിന്ത, അതിന്റെ ഫലമായി സൃഷ്ടിക്കുവരുന്ന പരിണാമം, ഇവയെല്ലാം ഐറേനിയസിന്റെ വേദശാസ്ത്ര ചിന്തകളാണ്. അതുപോലെ രക്ഷ എന്നത് സൃഷ്ടിയുടെ ചരിത്രത്തിലുള്ള പരിണാമമാണ് എന്ന ചിന്തയും ശ്രദ്ധാർഹമാണ്. ജ്ഞാനദ്വൈതവാദം (Gnostic dualism) യുക്തിക്കിടമില്ലാത്തവിധം നിലനില്പില്ലാത്തതാണ് എന്ന് അദ്ദേഹം ഉറപ്പിക്കുന്നു. സൃഷ്ടിയെയും സ്രഷ്ടാവിനെയും പഴയനിയമ വെളിപാടിനെയും പുതിയനിയമ വെളിപാടിന്റെ പശ്ചാത്തലത്തിൽ മനസ്സിലാക്കി അവയുടെ പാരസ്പര്യതയും ഐക്യവും ഐറേനിയസ് സ്ഥാപിക്കുന്നു.

*(തുടരും)*

സസ്നേഹം

നിങ്ങളുടെ
അത്താനാസിയോസ് തോമസ്
മെത്രാപ്പോലീത്ത

## ലോക ന്യായസ്ഥലത്ത് ഒറ്റപ്പെട്ടവന്റെ രഹസ്യം

ഒരുമിച്ചു നിന്നാലേ വിജയിക്കൂ എന്നതാണ് അംഗീകൃത... ആധികാരിക ധാരണയും പ്രയോഗവും.

ഒത്തു നിൽക്കുന്നതുപോലെ അല്ല ഒരുമിച്ചു നിർത്തപ്പെടുന്നത്.. ഒരുമിച്ചു നിർത്തുന്നത് അധികാരം ആണെങ്കിൽ (ബാഹ്യപ്രേരണകൾ) ഒത്തുനിൽക്കുന്നത് സ്വന്ത ഇഷ്ടത്തിൽ ആണ്. (ആന്തരിക പ്രേരണ)

എങ്കിൽ എന്തിനായിരിക്കും ഓരോന്നിലും, ഓരോന്നിനും അതിന്റെ മാത്രം തനിമകൾ നല്കപ്പെട്ടത്? ഒരുപോലെ ആയിരിക്കുമ്പോഴും ഒന്നായി ഇരിക്കുമ്പോഴും ഒറ്റയ്ക്ക് നിൽക്കാൻ ചിലത് എല്ലാവരിലും എല്ലാറ്റിലും നിയതി നിക്ഷേപിച്ചിരിക്കുന്നു.

എല്ലാം ഒരേപോലെ ആണെങ്കിൽ എനിക്ക് നിന്നോടും നിനക്ക് എന്നോടും ഒന്നും പറയാൻ ഉണ്ടാകുമായിരുന്നില്ല.

പറയാൻ ഒന്നുമില്ലാതായാൽ പിന്നെ പരിചയവും ഇല്ലാതായി എന്ന് തന്നെയാണല്ലോ.

മനുഷ്യപുത്രൻ പറഞ്ഞതെല്ലാം ഒറ്റയ്ക്ക് വേറിട്ടു നിന്നായിരുന്നു.

പക്ഷെ ഉള്ളതിൽ നിന്നല്ലാതെ ഒന്നും അയാൾ പറഞ്ഞിട്ടില്ല.

അതിൽ അദ്ദേഹത്തിനുണ്ടായിരുന്ന ഉറപ്പ്, അത് കേട്ടവർക്ക് അയാളുടെ ന്യായവിസ്താരസമയത്ത് ഇല്ലായിരുന്നു എന്നതുകൊണ്ടുമാത്രമാണ് അയാളെ അവർക്കു മനസ്സിലാവാതെ പോയത്.

അയാളെ പൂർണമായി കേൾക്കാൻ തയ്യാറായവരോട് അയാൾ ആ രഹസ്യം പറഞ്ഞു. അയാൾ ഒറ്റയ്ക്കല്ല... അവർ മൂന്നാണ്. എന്നാൽ ഒന്നായിട്ടാണ് അവർ പ്രവർത്തിക്കുന്നത്, അവരുടെ പ്രവൃത്തികളിൽ അവർക്കു യാതൊരു അഭിപ്രായ വിത്യാസവുമില്ല, അവരിലൊരാൾക്ക് ചെവികൊടുത്താൽ മറ്റു രണ്ടുപേരുടെയും താത്പര്യം അതുതന്നെയായിരുന്നു എന്നു നിങ്ങൾക്ക് മനസ്സിലാവും.

പരാതിയും പരിഭവവും ഇല്ലാതെ അതിജീവിക്കുവാൻ ഇതിലും വലിയൊരു മർമ്മം വെളിപ്പെടാനുമില്ല.

ആ രഹസ്യം ഉയരത്തിൽ നിന്നും തീ നാവുകൾപോലെ ഇറങ്ങിയപ്പോൾ ആ രഹസ്യത്തിനു ചെവി കൊടുത്തവർ എഴുന്നേറ്റു നിന്നു.. കേട്ടവർ പല ദേശ-ഭാഷ-സംസ്കാരത്തിൽ നിന്നുള്ളവർ ആയിരുന്നു.

എന്നിട്ടും അവർക്കു അവരുടെ ഭാഷയിൽ ചിലതു മനസ്സിലായി.

ഒരേ ജാതിയെ, ജനത്തെ,ദേശീയതയെ, ഒന്നുമല്ല അവർ കേട്ടത്.

'നീതിയെ വിധിച്ചു ക്രൂശിച്ചിട്ടും.. നീതി തന്നെ വിജയിച്ചു... ഞങ്ങൾ അതിനു സാക്ഷികൾ ആണ് എന്നാണ് അവർ കേട്ടത്'.

വ്യാഖ്യാനനീതി ആയിരുന്നില്ല അത്; മറിച്ച് ആത്യന്തികനീതിയുടെ താത്പര്യവും ശബ്ദവും പ്രേരണയും ആയിരുന്നു.

അതായിരുന്നു അപ്പോസ്തോലന്മാരുടെ പെന്തക്കോസ്ത അനുഭവം. അതു കണ്ടവരുടെയും കേട്ടവരുടെയും അനുഭവം. അങ്ങനെയെങ്കിൽ സ്വമനസ്സാലെ ഉയരത്തിൽ നിന്ന് ശക്തി പ്രാപിച്ചവരുടെ ഒരുമിപ്പാണ് കാലം ആഗ്രഹിക്കുന്ന പെന്തക്കോസ്തി.

മറ്റെന്തിന്റെ പേരിൽ മനുഷ്യരെ ഒരുമിച്ചു നിർത്തിയാലും, ഒത്തു നിൽക്കാനുള്ള യഥാർത്ഥ മർമ്മം അവർക്കു വെളിപ്പെട്ടു കിട്ടിയാൽ മറിയാത്ത ഒരു അധികാര സിംഹസനവും ഉണ്ടാവില്ല. അതു ജെറുസലേം ആയാലും ഇന്ദ്രപ്രസ്ഥമായാലും റോം ആയാലും. അതു കിട്ടാതിരിക്കാൻ അധികാരകേന്ദ്രങ്ങൾ സദാ ശ്രദ്ധിച്ചുകൊണ്ടിരിക്കും.. ഇപ്പോഴും എപ്പോഴും.. എന്നേക്കും അതാണ് ലോകനീതി.

അതിനു മുകളിൽ ആ മർമ്മം വെളിപ്പെട്ടവരുടെ ഒത്തുനിൽപ്പാണ് അതിജീവനം. പെന്തക്കോസ്തി പെരുന്നാൾ ആശംസകൾ.

**ഫാ. റ്റുബി ബേബി**

പ്രതികരണം

# ഗാന്ധിയൻ അഹിംസ അർത്ഥവും പ്രക്രിയയും

ഡോ. എം. പി. മത്തായി

ദക്ഷിണാഫ്രിക്കയിലെ പീറ്റർ മാരിറ്റ്സ്ബർഗ് റെയിൽവെ സ്റ്റേഷനിൽ വെച്ച് നേരിടേണ്ടി വന്ന തിക്താനുഭമാണ് സാമൂഹ്യ-രാഷ്ട്രീയ ഘടനകളിൽ ഇഴചേർക്കപ്പെട്ടിട്ടുള്ള ഹിംസയെപ്പറ്റി ഗൗരവതരമായി ചിന്തിക്കാൻ ഗാന്ധിജിയെ പ്രേരിപ്പിച്ചത്. കൊളോണിയൽ ഭരണകൂട സംവിധാനങ്ങളെ നേരിടേണ്ടി വന്നപ്പോൾ അദ്ദേഹത്തിന്റെ ശ്രദ്ധ കൊളോണിയൽ അധികാരഘടനയെ രൂപപ്പെടുത്തുകയും നിലനിർത്തുകയും ചെയ്യുന്ന ആധുനിക പാശ്ചാത്യ നാഗരികതയിൽ പതിക്കുകയും അതിന്റെ ഓരോ സംവിധാനത്തിലും ഒളിഞ്ഞിരിക്കുന്ന ഹിംസയെ വ്യക്തമായി അദ്ദേഹം തിരിച്ചറിയുകയും ചെയ്തു.

വ്യക്തികൾ പരസ്പരം പ്രയോഗിക്കുന്ന ശാരീരിക ഹിംസയെക്കാൾ അപകടകരവും നിവാരണം ചെയ്യാൻ ബുദ്ധിമുട്ടേണ്ടിവരുന്നതുമായി ഗാന്ധിജി വിലയിരുത്തുന്നത് സാമൂഹ്യ-രാഷ്ട്രീയ-സാമ്പത്തിക ഘടനകളിൽ ഉൾച്ചേർത്തിരുന്ന ഹിംസയെയാണ്. ഏതു തരത്തിലും തലത്തിലും അളവിലുമുള്ള ഹിംസ മനുഷ്യവ്യക്തികൾക്കും മാനവരാശിക്കും അത്യന്തം വിപൽക്കരമായിരിക്കുമെന്ന് അദ്ദേഹം ഊന്നി പറഞ്ഞു. അതുകൊണ്ട് വ്യക്തിജീവിതത്തെയും സാമൂഹ്യജീവിതത്തെയും പൊതുസംവിധാനങ്ങളെയും ഹിംസയുടെ സ്വാധീനത്തിൽ നിന്ന് മുക്തമാക്കുന്നതിനെപ്പറ്റി അദ്ദേഹം ഗാഢമായി ചിന്തിക്കുകയും കർമ്മപരിപാടികൾ ആവിഷ്കരിക്കുകയും ചെയ്തു. ജീവിതത്തിൽ അദ്ദേഹം നടത്തിയ എല്ലാ പരീക്ഷണങ്ങളും അഹിംസയുടെ സാധുതയും പ്രയോഗക്ഷമതയും പരീക്ഷിച്ച് തെളിയിക്കുന്നതിനും ഉറപ്പിക്കുന്നതിനും വേണ്ടിയായിരുന്നു. അഹിംസാധിഷ്ഠിതമായ ഒരു ജീവിതക്രമം സാധ്യമാണെന്നും ജീവിതത്തിൽ നാം നേരിടേണ്ടിവരുന്ന ഏത് പ്രശ്നത്തെയും അഹിംസാമാർഗ്ഗത്തിലൂടെ നേരിടാനാവുമെന്നും തെളിയിക്കുക തന്റെ ജീവിതദൗത്യമായി തിരിച്ചറിഞ്ഞ് ഏറ്റെടുത്തു അദ്ദേഹം. അങ്ങനെയാണ് അഹിംസയുടെ ഏറ്റവും ശക്തനായ വക്താവും പ്രയോക്താവുമായി ഗാന്ധിജി ലബ്ധപ്രതിഷ്ഠനായത്. ഇന്ന് ലോകം ഗാന്ധിജിയെ ആദരിക്കുന്നതും അനുഗമിക്കാൻ ശ്രമിക്കുന്നതും ആധുനികലോകത്തിൽ മനുഷ്യൻ നേരിടുന്ന ജീവിതപ്രശ്നങ്ങൾ പരിഹരിക്കാൻ അഹിംസ പ്രയോഗിക്കേണ്ടത് എങ്ങനെയാണെന്ന് വ്യക്തമായി കാണിച്ചുകൊടുത്തതുകൊണ്ടാണ്.

**ആദ്ധ്യാത്മിക അടിത്തറ**

ഗാന്ധിജിയുടെ അഹിംസാസങ്കല്പം അദ്ദേഹത്തിന്റെ ആദ്ധ്യാത്മികതയിലാണ് അധിഷ്ഠിതമായിരിക്കുന്നത്. പ്രപഞ്ചത്തിലെ സമസ്ത ചരാചരങ്ങളും ഒരേ പരാശക്തിയുടെ അഭിവ്യക്തിയാണെന്ന വേദാന്തദർശനമാണ് ഗാന്ധിയൻ ആദ്ധ്യാത്മികതയുടെ അടിസ്ഥാനം. എല്ലാ ജീവനും മൗലികമായി ഒന്നാണ്. അതുകൊണ്ട് പരാപരഭേദം ഒരു മിഥ്യാസങ്കല്പമാണ്. ഭൗതിക പ്രപഞ്ചത്തിലെ വസ്തുക്കളെ സംയോജിപ്പിച്ച് നിർത്തുകയും സംരക്ഷിക്കുകയും ചെയ്യുന്ന ഭൗതിക നിയമം അഥവാ ശക്തി പ്രവർത്തിക്കുന്നതുപോലെ മനുഷ്യജീവിതത്തെ പരസ്പരം കൂട്ടിയിണക്കി ബന്ധിപ്പിക്കുന്ന ഒരു സംയോജക ശക്തിയുണ്ടെന്നും ധാർമ്മികതലത്തിൽ പ്രവർത്തിക്കുന്ന പ്രസ്തുത ശക്തിയാണ് അഹിംസ അഥവാ സ്നേഹം എന്നും ഗാന്ധിജി വിശദീകരിച്ചു. അദ്ദേഹം എഴുതി: “നാമെല്ലാവരും സ്നേഹത്തിന്റെ ബന്ധനത്താൽ കെട്ടപ്പെട്ടവരാണ്. എല്ലാ വസ്തുക്കളിലും ഒരു അഭികേന്ദ്രശക്തിയുണ്ട്. ഇല്ലായിരുന്നെങ്കിൽ ഒന്നും നിലനിൽക്കുമായിരുന്നില്ല... അചേതന വസ്തുക്കളിൽ ഒരു സംയോജക ശക്തിയുള്ളതുപോലെ ജീവനുള്ള എല്ലാത്തിനും അതുണ്ട്. ജീവനുള്ള വസ്തുക്കളിൽ ഉള്ള ഈ സംയോജനശക്തിയാണ് സ്നേഹം അഥവാ അഹിംസ. എവിടെ സ്നേഹമുണ്ടോ അവിടെ ജീവനുണ്ട്. വിദ്വേഷം നാശത്തിലേക്ക് നയിക്കും” (യംങ് ഇന്ത്യ, വാല്യം 1). എല്ലാജീവനും മൗലികമായി ഒന്നായതുകൊണ്ട് അപരനെ മുറിവേൽപ്പിക്കുന്നതും വധിക്കുന്നതും അവനവനെ തന്നെ മുറിവേൽപ്പിക്കുന്നതിനും നശിപ്പിക്കുന്നതിനും തുല്യമാണ്. അതായത് ഹിംസ സ്വയം പരാജയപ്പെടുത്തുന്ന ശക്തിയാണ്. അതുകൊണ്ട് ഹിംസ പൂർണ്ണമായും ഉപേക്ഷിക്കുകയും അഹിംസ പാലിക്കുകയും ചെയ്യുകയാണ് മനുഷ്യധർമ്മം.

**അഹിംസയുടെ അർത്ഥതലങ്ങൾ**

അഹിംസയുടെ വാച്യാർ

ത്ഥം മുറിവേൽപ്പിക്കാതിരിക്കുക, കൊല്ലാതിരിക്കുക എന്നാണ്. എന്നാൽ ഉപദ്രവിക്കുകയോ, കൊല്ലുകയോ ചെയ്യാതിരിക്കുക എന്നതിനപ്പുറം ഉപദ്രവിക്കാനും കൊല്ലാനുമുള്ള തൃഷ്ണ/താത്പര്യം വെടിയുക എന്ന പ്രത്യേകാർത്ഥമാണ് ഗാന്ധിജി അഹിംസയ്ക്ക് നൽകിയത്. (അതായത് അഹിംസ പാലിക്കുക എന്നത് ഒരു സ്വയം ശുദ്ധീകരണ പ്രക്രിയയാകുന്നു) മലയാളത്തിൽ അഹിംസയെ സൂചിപ്പിക്കാൻ അക്രമരാഹിത്യം എന്ന വാക്കാണ് വ്യാപകമായി ഉപയോഗിച്ചുവരുന്നത്. അതുകൊണ്ട് അഹിംസ നിഷേധാത്മക സൂചനയുള്ള ഒരു സങ്കല്പനമായി മനസ്സിലാക്കപ്പെട്ടുവരുന്നു. ഗാന്ധിജിയുടെ കാഴ്ചപ്പാടിൽ അഹിംസയ്ക്ക് നിഷേധാത്മകവും ഭാവനാത്മകവുമായ അർത്ഥതലങ്ങൾ ഉണ്ട്. കായികമായോ വൈകാരികമായോ മുറിവേൽപ്പിക്കാതിരിക്കുക എന്നത് അഹിംസയുടെ നിഷേധാത്മകതലമാണ്. ഗാന്ധിജിയുടെ അഭിപ്രായത്തിൽ ഹിംസ അനേകം തലങ്ങളും കൈകളും ഉള്ള ഒരു ജലസർപ്പം പോലെയാണ്. മുറിവേൽപ്പിക്കുന്നതിലോ, കൊല്ലുന്നതിലോ ഒതുങ്ങുന്നതല്ല ഹിംസ. അനാവശ്യമായ തിടുക്കം പരുഷമായ വാക്കുകൾ, കോപം, വിദ്വേഷം, പക, ക്രൂരത, പരദൂഷണം, അടിച്ചമർത്തൽ, മേധാവിത്വം ഇവയെല്ലാം അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ ഹിംസയുടെ ഭിന്നരൂപങ്ങളാണ്. എല്ലാത്തരം ചൂഷണവും ഗാന്ധിയൻ വീക്ഷണത്തിൽ ഹിംസയാണ്. ഹിംസോത്സുകരമായ വ്യക്തികളെക്കാൾ കൂടുതൽ അപകടകരം ചൂഷ്ണാധിഷ്ഠിതമായ ഘടനകൾ (structures) ആണെന്നും അദ്ദേഹം വ്യക്തമാക്കിയിട്ടുണ്ട്.

ഗാന്ധിയൻ പരിപ്രേക്ഷ്യത്തിൽ അഹിംസ സക്രിയസ്നേഹമാണ്. ശത്രുവിനെപോലും ആഴത്തിൽ സ്നേഹിക്കുവാനാണ് അഹിംസ അനുശാസിക്കുന്നത്. അഹിംസയുടെ ഈ ഭാവാത്മക തലത്തെ വിശദീകരിച്ചുകൊണ്ട് ഗാന്ധിജി എഴുതി: "ഭാവാത്മകമായ രൂപത്തിൽ അഹിംസയ്ക്ക് ഏറ്റവും ഉദാരമായ സ്നേഹം മഹത്തായ ഭൂതദയ എന്നാണ് അർത്ഥം. അഹിംസയുടെ ഉപാസകനാണെങ്കിൽ ഞാനെന്റെ ശത്രുവിനെ സ്നേഹിക്കണം. തെറ്റ് ചെയ്യുന്ന എന്റെ പിതാവിന്റേയോ, പുത്രന്റേയോ കാര്യത്തിൽ ഞാൻ പ്രയോഗിക്കുന്ന അതേ നിയമങ്ങൾ തന്നെ എന്റെ ശത്രുവോ, എനിക്ക് അപരിചിതനോ ആയ അപരാധിയുടെ നേരെയും പ്രയോഗിക്കാൻ ഞാൻ ബാധ്യസ്ഥനാണ്. സക്രിയമായ ഈ അഹിംസയിൽ സത്യവും നിർഭയത്വവും അന്തർഭവിച്ചിരിക്കുന്നു". ഗാന്ധിജി മറ്റൊരവസരത്തിൽ എഴുതി: "അഹിംസയ്ക്ക് സെന്റ് പോൾ പറഞ്ഞ അർത്ഥത്തിലുള്ള സ്നേഹമാണ് അർത്ഥം. പ്രായോഗികമായ എല്ലാ ആവശ്യങ്ങൾക്കും സെന്റ് പോളിന്റെ മനോഹരമായ നിർവചനം തികച്ചും മതിയാകും എന്ന് എനിക്കറിയാമെങ്കിലും അഹിംസ സെന്റ് പോൾ നിർവചിച്ച സ്നേഹത്തെക്കാളും അധിക തരമായ ഒന്നാണെന്ന് ഞാൻ മനസ്സിലാക്കുന്നു" (ഹരിജൻ, മാർച്ച് 14, 1936). ഇവിടെ ഗാന്ധിജി സൂചിപ്പിക്കുന്നത് സെന്റ് പോൾ കോരിന്തിയർക്ക് എഴുതിയ ഒന്നാം ലേഖനം (കത്ത്) പതിമൂന്നാം അദ്ധ്യായത്തിലെ സ്നേഹത്തെപ്പറ്റിയുള്ള വ്യാഖ്യാനമാണ്.

അഹിംസയുടെ പര്യായമായി സ്നേഹം എന്ന വാക്ക് ഗാന്ധിജി പ്രയോഗിക്കുന്നത് സ്നേഹിക്കുന്ന വ്യക്തിയുമായുള്ള പൂർണ്ണമായ തന്മയീഭാവം കൈവരിക്കുക എന്ന അർത്ഥത്തിലാണ്. അപ്പോൾ സ്നേഹം പരിമിതികളില്ലാത്ത അത്യുദാര ഭാവമായിത്തീരുന്നു. ഗാന്ധിജിയുടെ വാക്കുകൾ ഉദ്ധരിക്കട്ടെ: "അഹിംസ ഒന്നാം കിടയിൽ നിൽക്കുന്ന ഏറ്റവും സജീവമായ ഒരു ശക്തിയാണ്. അത് ആത്മശക്തിയാണ്. നമ്മുടെ ഉള്ളിലുള്ള ഈശ്വരാംശത്തിന്റെ ശക്തിയാണത്. അപൂർണ്ണനായ മനുഷ്യന് അതിന്റെ സാരം പൂർണ്ണമായി ഗ്രഹിക്കാൻ സാധിക്കുകയില്ല. അതിന്റെ സമുജ്ജ്വല ശോഭ താങ്ങാൻ അയാൾക്ക് കഴിയുകയില്ല. പക്ഷേ, അതിന്റെ അതിനിസ്സാരമായ ഒരംശം നമ്മുടെ ഉള്ളിൽ പ്രവർത്തിച്ചു തുടങ്ങിയാൽ മതി അത്ഭുതങ്ങൾ സംഭവിക്കുകയായി... അഹിംസ എത്രകണ്ട് സാക്ഷാത്കരിക്കാൻ നമുക്ക് സാധിക്കുന്നുവോ അത്രകണ്ട് നാം ഈശ്വരതുല്യരായിത്തീരുന്നു" (ഹരിജൻ, നവംബർ 12, 1938).

*(തുടരും)*

---

*2-ാം പേജ് തുടർച്ച...*

വിശ്വാസം, ചരിത്രം എന്നിവ പൊതുവായി ഉണ്ടായിരുന്നിട്ടും നമുക്ക് ഭിന്നതകളെ അതിജീവിക്കാൻ കഴിയുന്നില്ല. കൂടിച്ചേരലുകളിലെ ആത്മാഭിഷേകം നമ്മുടെ വിശ്വാസത്തെയും ധാരണകളെയും കൂടുതൽ കരുത്തുറ്റതാക്കും എന്നതാണ് നിഖ്യാ സുന്നഹദോസിൽ നാം കാണുന്ന വസ്തുത. ദൈവാത്മാവിൽ പ്രചോദിതമാകുന്ന സുന്നഹദോസുകൾക്കായി നമുക്ക് ആഗ്രഹിക്കാം, പ്രാർത്ഥിക്കാം. നിഖ്യാ സുന്നഹദോസിന്റെ 1700-ാം വാർഷികം ആഘോഷിക്കുവാനുള്ള പദ്ധതികൾ മലങ്കരസഭയിലും ആരംഭിക്കണം അത് ആത്മാവിന്റെ ഐക്യത്തിൽ ഒത്തുചേരാൻ നമ്മെ സഹായിക്കും.

***ഫാ. എബ്രഹാം കാരാമ്മേൽ***

ബൈബിൾ പഠനം

# എല്ലാം മുൻകൂട്ടി കണ്ടവൻ കാണാതെ പോയത്

ഫാ. ഷാജി കരിംപ്ലാനിൽ

എല്ലാ ഭയങ്ങളും ഇല്ലായ്മ ചെയ്യുന്ന ദൈവത്തെ മാത്രമാണു ഭയപ്പെടേണ്ടതെന്നും (ലൂക്കാ. 12:1-12) പക്ഷിയെയും പുല്ലിനെയും വരെ കാത്തുപരിപാലിക്കുന്നത് അവിടുന്നാണെന്നും (ലൂക്കാ. 12:22-34) പഠിപ്പിക്കുന്ന ഭാഗങ്ങൾക്കിടയിലാണ് ഭോഷനായ ധനികന്റെ ഉപമ (ലൂക്കാ. 12:16-21) സുവിശേഷത്തിൽ നമ്മൾ വായിക്കുന്നത്. സത്യത്തിൽ, വളരെ എന്റർപ്രൈസിങ്ങായ ഒരു മനുഷ്യനാണ് ഈ ഉപമയിലെ പ്രധാന കഥാപാത്രം. കൃഷിസ്ഥലം സമൃദ്ധമായ വിളവു നൽകിയതിനെ തുടർന്ന് കൃത്യമായ കണക്കുക്കൂട്ടലുകൾ നടത്തുന്നുണ്ട് അയാൾ. ജീവിതം വൃഥാ കളയുന്നത് അയാൾക്കൊന്നു ചിന്തിക്കാൻ കൂടി കഴിയുന്ന കാര്യമല്ല. "അവൻ പറഞ്ഞു: ഞാൻ ഇങ്ങനെ ചെയ്യും, എന്റെ അറപ്പുരകൾ പൊളിച്ച്, കൂടുതൽ വലിയവ പണിയും; അതിൽ എന്റെ ധാന്യവും വിഭവങ്ങളും സംഭരിക്കും" (ലൂക്കാ. 12:18).

പ്രശ്നത്തിനു കൃത്യമായ പരിഹാരംതന്നെയാണ് അയാൾ കണ്ടെത്തിയത്. പക്ഷേ, ഇവിടെ ശ്രദ്ധിക്കേണ്ടത്, അയാളല്ലാതെ അയാൾക്കു ചർച്ച ചെയ്യാൻ കഥയിൽ മറ്റൊരാളില്ലെന്നതാണ്. അയാൾ ആലോചിക്കുന്നത് തന്നോടു തന്നെ. അയാൾ സംസാരിക്കുന്നതും തന്നോടുതന്നെ. ''അനന്തരം ഞാൻ എന്റെ ആത്മാവിനോടു പറയും: ആത്മാവേ, അനേക വർഷത്തേക്കുവേണ്ട വിഭവങ്ങൾ നിനക്കായി സംഭരിക്കപ്പെട്ടിരിക്കുന്നു. വിശ്രമിക്കുക, തിന്നുകുടിച്ച് ആനന്ദിക്കുക'' (ലൂക്കാ. 12:19). അറപ്പുരകൾ മാത്രമല്ല അയാൾ പണിതത്, തനിക്കു ചുറ്റും അതിബൃഹത്തായ ഒരു ശൂന്യതകൂടിയാണ്.

കഠിനാധ്വാനവും പ്ലാനിങ്ങും നിറഞ്ഞ ഈ മനുഷ്യനെ സുവിശേഷം വിലയിരുത്തുന്നത് ധനതത്ത്വശാസ്ത്രത്തിന്റെ വെളിച്ചത്തിലല്ല, ദൈവശാസ്ത്രത്തിന്റെ വെളിച്ചത്തിലാണ്. അതുകൊണ്ടാണ് ഉപമ അയാൾക്കു ഭോഷനെന്ന ടൈറ്റിൽ സമ്മാനിക്കുന്നത്. അതിനു പിറകിൽ ചില ബൈബിൾ പാഠങ്ങളുണ്ട്.

"സ്വർണമായിരുന്നു എന്റെ ആശ്രയമെങ്കിൽ, തങ്കത്തിൽ എന്റെ പ്രത്യാശ അർപ്പിച്ചിരുന്നെങ്കിൽ, എന്റെ സമ്പത്ത് വലുതായിരുന്നതുകൊണ്ടോ എന്റെ കൈകളിൽ ഏറെ ധനം വന്നുചേർന്നതുകൊണ്ടോ ഞാൻ ആനന്ദിച്ചിരുന്നെങ്കിൽ, എന്റെ ഹൃദയം ഗൂഢമായി വശീകരിക്കപ്പെടുകയും ഞാൻ എന്റെ കരം ചുംബിക്കുകയും ചെയ്തിരുന്നെങ്കിൽ, ...അത് ഉന്നതനായ ദൈവത്തെ തിരസ്കരിക്കലാകുമായിരുന്നു'' (ജോബ് 31:24-28). "ഞാൻ വലിയ കാര്യങ്ങൾ ചെയ്തു; ഞാൻ എനിക്കുവേണ്ടി മാളികകൾ പണിതു; മുന്തിരിത്തോട്ടങ്ങൾ നട്ടുപിടിപ്പിച്ചു. ഉദ്യാനങ്ങളും ഉപവനങ്ങളും ഉണ്ടാക്കി, അവയിൽ എല്ലാത്തരം ഫലവൃക്ഷങ്ങളും നട്ടു. ...സ്വർണ്ണവും വെള്ളിയും... സ്വന്തമാക്കി. അനേകം ഗായകന്മാരും ഗായികമാരും എനിക്കുണ്ടായിരുന്നു. മനുഷ്യൻ ആഗ്രഹിക്കുന്ന എല്ലാ സുഖഭോഗങ്ങളും ഞാൻ സമ്പാദിച്ചു. ...എന്റെ നയനങ്ങൾ അഭിലഷിച്ചതൊന്നും ഞാൻ അവയ്ക്കു നിഷേധിച്ചില്ല; ...എന്റെ പ്രയത്നങ്ങളിലെല്ലാം എന്റെ ഹൃദയം സന്തോഷിച്ചു, ...പിന്നെ ഞാൻ ഉണ്ടാക്കിയവയെയും അതിനുവേണ്ടിച്ചെയ്ത അധ്വാനത്തെയും ഞാൻ നിരൂപണം ചെയ്തു. എല്ലാം മിഥ്യയും പാഴ്വേലയുമായിരുന്നു! സൂര്യനു കീഴേ ഒരു നേട്ടവുമില്ലെന്ന് എനിക്കു ബോധ്യപ്പെട്ടു" (സഭാപ്രസംഗകൻ 2:4-11). "ഈ ലോകത്തിലെ ധനവാന്മാരോട്, ഔദ്ധത്യം ഉപേക്ഷിക്കാനും തങ്ങളുടെ പ്രതീക്ഷകൾ അനിശ്ചിതമായ സമ്പത്തിൽ വയ്ക്കാതെ, അവയെല്ലാം നമുക്കനുഭവിക്കുവാൻവേണ്ടി ധാരാളമായി നല്കിയിട്ടുള്ള ദൈവത്തിൽ അർപ്പിക്കാനും നീ ഉദ്ബോധിപ്പിക്കുക. അവർ നന്മചെയ്യണം. സത്പ്രവൃത്തികളിൽ സമ്പന്നരും വിശാലമനസ്കരും ഉദാരമതികളും ആയിരിക്കയും വേണം. അങ്ങനെ, യഥാർത്ഥ ജീവൻ അവകാശമാക്കുന്നതിന് അവർ തങ്ങളുടെ ഭാവിക്കു ഭദ്രമായ അടിത്തറ പണിയട്ടെ'' (1. തിമോത്തിയോസ് 6:17-19).

ഇത്തരത്തിലുള്ള പാഠങ്ങൾ പഴയനിയമത്തിലും പുതിയനിയമത്തിലും എത്രവേണമെങ്കിലുമുണ്ട്. വിശദീകരണമൊന്നും ഇല്ലാതെ തന്നെ വ്യക്തമാണല്ലോ ഇവയെല്ലാം. ഈ ബൈബിൾ വാക്യങ്ങളുടെ കൂട്ടത്തിൽ പരിഗണിക്കേണ്ട വേറെ ചില വാക്യങ്ങൾ കൂടിയുണ്ട്. "അതുകൊണ്ട് നിങ്ങളിൽ ഭൗമികമായിട്ടുള്ളതെല്ലാം -അസന്മാർഗികത, അശുദ്ധി, മനഃക്ഷോഭം, ദുർവിചാരങ്ങൾ, വിഗ്രഹാരാധനതന്നെയായ ദ്രവ്യാസക്തി ഇവയെല്ലാം- നശിപ്പിക്കു

വിൻ'' (കൊളോസോസ് 3:5). അപ്പോൾ പൗലോസിന്റെ ഈ ലേഖനം പഠിപ്പിക്കുന്നത് പണത്തോടുള്ള ആസക്തി വിഗ്രഹാരാധനയാണെന്നാണ്. എഫേസൂസ് ലേഖനം അത്യാഗ്രഹിയെയും വിഗ്രഹാരാധകനെയും ചേർത്തു നിർത്തുമ്പോൾ ഇതേ നിലപാട് ആവർത്തിക്കുകയാണ്: "വ്യഭിചാരിക്കും അശുദ്ധനും അത്യാഗ്രഹിക്കും വിഗ്രഹാരാധകനും ദൈവത്തിന്റെയും ക്രിസ്തുവിന്റെയും രാജ്യത്തിൽ അവകാശമില്ലെന്നു നിങ്ങൾ അറിഞ്ഞു കൊള്ളുവിൻ" (എഫേസോസ് 5:5). മാമോനെ ആരാധിക്കുന്നവന് ദൈവത്തെ ആരാധിക്കാനാകില്ലെന്നു സുവിശേഷം (ലൂക്കാ. 16:13) അസന്ദിഗ്ദ്ധമായി പ്രഖ്യാപിക്കുമ്പോൾ, പുതിയ നിയമത്തിലെ ദൈവത്തിന്റെ വിപരീതം പണമാണെന്നതു വ്യക്തമാണല്ലോ. ''പണത്തോടുള്ള ആസക്തി വിഗ്രഹാരാധനയിലേക്ക് ഒരുവനെ എത്തിക്കുന്നു; ദൈവമല്ലാത്തതിനെ ദൈവമായി അത് അവതരിപ്പിക്കുന്നു'' വെന്ന് ബി.സി. രണ്ടാം നൂറ്റാണ്ടിൽ എഴുതപ്പെട്ട Testament of Judah പഠിപ്പിക്കുന്നത് സുവിശേഷ നിലപാടിനോടു ചേർന്നു നിൽക്കുന്നു.

പണം എന്ന വിഗ്രഹം ദൈവത്തെ നിഷ്കാസനം ചെയ്യുന്നുവെന്ന് ഈ വാക്യങ്ങളെല്ലാം പഠിപ്പിക്കുന്നു. ഇതാണു പ്രായോഗിക നിരീശ്വരവാദം. ഈ വാദം ദൈവമില്ലെന്നു പറയുന്നില്ല. ദൈവമുണ്ടോ എന്നതു ചിന്തിക്കേണ്ട ഒരു കാര്യംപോലുമായി ഈ വാദത്തിനു തോന്നുന്നില്ല. അത്തരം വാദക്കാരുടെ ചിന്തകളിൽ ആകെ നിറയുന്നതു വലിയ കളപ്പുരകളും തീറ്റയും കുടിയുമാണ്. ദൈവത്തിനോ, ദൈവത്തിന്റെ കൽപനകൾക്കോ അവരുടെ ജീവിതത്തിൽ സ്ഥാനമൊന്നുമില്ല. ദൈവമില്ലെന്നു വാദിക്കുന്ന ഫിലോസഫിക്കൽ നിരീശ്വരവാദിയെ ബൈബിൾ വിളിക്കുന്നത് ''മൂഢൻ'' എന്നാണല്ലോ (സങ്കീർത്തനം 14:1; 53:1). അങ്ങനെയെങ്കിൽ, എല്ലാ പ്രായോഗികാർത്ഥത്തിലും പണംകൊണ്ട് ദൈവത്തെ നിഷ്കാസനം ചെയ്ത ഉപമയിലെ ധനവാനു ചേർന്ന പേര് 'ഭോഷൻ' എന്നതു തന്നെയാണ്. "നിരന്തരമായ പ്രയത്നംകൊണ്ടും ലോഭം കൊണ്ടും ധനികരാകുന്നവരുണ്ട്; ഇതാണ് അവരുടെ നേട്ടം. ഞാൻ വിശ്രമം കണ്ടെത്തി; എന്റെ സമ്പത്തിൽ ഞാൻ ആനന്ദിക്കും എന്ന് അവൻ പറയുന്നു; എല്ലാം വെടിഞ്ഞ് ലോകം വിടാൻ എത്രനേരമുണ്ടെന്ന് അവൻ അറിയുന്നില്ല'' എന്ന പ്രഭാഷക പാഠം (11:18–19) മനനം ചെയ്യാത്തവർ ഭോഷരല്ലെങ്കിൽ പിന്നെ മറ്റാരാണ്?

ഈ ഉപമയിൽ ഞാൻ, എന്റെ, എനിക്ക് എന്നീ പദങ്ങൾ നിറഞ്ഞുനിൽക്കുകയാണ്: 'ഞാനെന്തു ചെയ്യും?', 'എനിക്കു സ്ഥലമില്ലല്ലോ', 'ഞാനിങ്ങനെ ചെയ്യും', 'എന്റെ അറപ്പുരകൾ', 'എന്റെ ധാന്യവും വിഭവങ്ങളും', 'എന്റെ ആത്മാവ്', 'എനിക്കായി' [നിനക്കായി] സംഭരിക്കപ്പെട്ടിരിക്കുന്നു'. സ്വന്തം ജീവിതത്തിന്റെ കടിഞ്ഞാൺ തന്റെ കൈകളിലാണെന്നു പണം സൃഷ്ടിക്കുന്ന മായക്കാഴ്ചയിൽ അയാൾക്കങ്ങു തോന്നുകയാണ്. അതുകൊണ്ടാണ് അനേക വർഷത്തേക്ക് താൻ ഇവിടെയൊക്കെ ഉണ്ടാകുമെന്ന് അയാൾ വിചാരിച്ചുപോകുന്നത്.

അനേക വർഷത്തേക്കുള്ള വിഭവങ്ങൾ സംഭരിച്ച് ആനന്ദിച്ചു തിമിർക്കാൻ തയ്യാറെടുത്തു നിൽക്കുന്ന അയാൾക്കാണ് കൊള്ളിയാൻ കണക്ക് ഒരു വെളിപാടുണ്ടാകുന്നത്: 'ഇന്നു രാത്രി നിന്റെ ആത്മാവിനെ നിന്നിൽനിന്ന് ആവശ്യപ്പെടും; അപ്പോൾ നീ ഒരുക്കിവെച്ചിരിക്കുന്നവ ആരുടേതാകും?' (ലൂക്കാ 12:20) ജീവിതവും അതിന്റെ നിയന്ത്രണവും എല്ലാമെല്ലാം ദൈവത്തിന്റെ കൈകളിലാണെന്ന് ആദ്യ ചുവടുവയ്പുമുതൽ ഏതൊരാളും അറിയേണ്ടതാണ്. എന്നാൽ ഭോഷനായ ധനികൻ അക്കാര്യം അറിഞ്ഞത് അവസാനം മാത്രമാണ്. "എന്റെ ആത്മാവേ" എന്നയാൾ വിളിച്ച ആത്മാവുപോലും അയാളുടേതല്ലെന്നതാണു നഗ്നസത്യം. ('എന്റെ ആത്മാവു വിഷാദം പൂണ്ടിരിക്കുന്നു; ...എന്റെ ആത്മാവേ, നീ എന്തിനു വിഷാദിക്കുന്നു, നീ എന്തിനു നെടുവീർപ്പിടുന്നു? ദൈവത്തിൽ പ്രത്യാശ വയ്ക്കുക;...' എന്ന സങ്കീർത്തന (42:6,11) ഭാഗത്തു 'ആത്മാവ്' എന്നത് മുഴുവൻ വ്യക്തിയെയും കുറിക്കാനായിട്ടാണ് ഉപയോഗിച്ചിരിക്കുന്നത്. ബൈബിളിൽ ഉടനീളം 'ആത്മാവ്' മനുഷ്യ വ്യക്തിയെയാണു സൂചിപ്പിക്കുന്നത്.) നമ്മളും നമ്മുടെ സ്വന്തവും എല്ലാം കടമെടുത്തതാണെന്നതാണ് പച്ചപരമാർത്ഥം. പകൽപോലെ വ്യക്തമായ ഇത്തരം വസ്തുതകളെക്കുറിച്ചുള്ള അജ്ഞത ഭോഷത്തമല്ലെങ്കിൽപ്പിന്നെ മറ്റെന്താണ്?

"ഇതുപോലെയാണ് ദൈവസന്നിധിയിൽ സമ്പന്നനാകാതെ തനിക്കുവേണ്ടി സമ്പത്തു ശേഖരിച്ചു വയ്ക്കുന്നവനും" (ലൂക്കാ. 12:21) എന്നൊരു കമന്റോടുകൂടി യേശു ഉപമ അവസാനിപ്പിക്കുന്നതായിട്ടാണ് ലൂക്കാ അവതരിപ്പിക്കുന്നത്. ഈ പാഠത്തെ കൂടുതൽ വ്യക്തമാക്കാൻ മറ്റുചില വേദവാക്യങ്ങൾ പരിഗണിച്ചാൽ മാത്രം മതിയെന്നു വിചാരിക്കുന്നു: '...നിന്റെ സമ്പാദ്യത്തിൽനിന്നു ദാനം ചെയ്യുക. ദാനധർമ്മം ചെയ്യുന്നതിൽ മടി കാണിക്കരുത്. പാവപ്പെട്ടവനിൽ നിന്നു മുഖം തിരിക്കരുത്. സമ്പത്തേറുമ്പോൾ അതനുസരിച്ചു ദാനം ചെയ്യുക. കുറച്ചേ ഉള്ളുവെങ്കിൽ അതനുസരിച്ചു ദാനം

ചെയ്യാൻ മടിക്കരുത്. ദരിദ്രകാലത്തേക്ക് ഒരു നല്ല സമ്പാദ്യം നേടിവയ്ക്കുകയായിരിക്കും നീ അതുവഴിചെയ്യുന്നത്. എന്തെന്നാൽ ദാനധർമ്മം മൃത്യുവിൽനിന്നു രക്ഷിക്കുകയും അന്ധകാരത്തിൽപ്പെടുന്നതിൽ നിന്നു കാത്തുകൊള്ളുകയും ചെയ്യുന്നു. ദാനധർമ്മം അത്യുന്നതന്റെ സന്നിധിയിൽ വിശിഷ്ടമായ കാഴ്ചയാണ്'' (തോബിത് 4:7-11). "നിങ്ങളുടെ സമ്പത്തു വിറ്റ് ദാനം ചെയ്യുവിൻ. പഴകിപ്പോകാത്ത പണസഞ്ചികൾ കരുതിവയ്ക്കുവിൻ. ഒടുങ്ങാത്ത നിക്ഷേപം സ്വർഗത്തിൽ സംഭരിച്ചുവയ്ക്കുവിൻ. അവിടെ കള്ളന്മാർ കടന്നുവരുകയോ ചിതൽ നശിപ്പിക്കുകയോ ഇല്ല" (ലൂക്കാ. 12:33). ''അതുകേട്ട് യേശു പറഞ്ഞു: ഇനിയും നിനക്ക് ഒരു കുറവുണ്ട്. നിനക്കുള്ളതെല്ലാം വിറ്റു ദരിദ്രർക്കു കൊടുക്കുക, അപ്പോൾ സ്വർഗത്തിൽ നിനക്കു നിക്ഷേപം ഉണ്ടാകും. അനന്തരം വന്ന് എന്നെ അനുഗമിക്കുക" (ലൂക്കാ. 18:22). തനിക്കുള്ളതെല്ലാം ഇല്ലാത്തവരുമായി പങ്കുവച്ച ആ നിമിഷം സക്കേവൂസിന്റെ വീട്ടിലേക്ക് രക്ഷ ഇറങ്ങിവന്നുവെന്നാണല്ലോ യേശുവിന്റെ സാക്ഷ്യം (ലൂക്കാ. 19:1-9). ലാസറുമായി ഉള്ളതു പങ്കുവയ്ക്കാത്ത ധനവാൻ വല്ലാതെ ദരിദ്രനായിപോയ ചിത്രം കൂടി (ലൂക്കാ. 16:19-31) ഈ പാഠങ്ങളോടു ചേർത്തുവയ്ക്കുമ്പോൾ, ദൈവസന്നിധിയിൽ ആരാണു സമ്പന്നനും ദരിദ്രനും ആകുന്നതെന്നതു വ്യക്തമാണല്ലോ.

ഭോഷനായ ധനികന്റെ ഉപമ പറയപ്പെട്ടത് ഒരു സ്വത്തുതർക്കത്തിന്റെ കാര്യം യേശുവിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്നാണല്ലോ (ലൂക്കാ. 12:13-14). ഈ ഉപമ ലൂക്കായുടെ സുവിശേഷത്തിൽ മാത്രമേ പരാമർശിക്കപ്പെട്ടിട്ടുള്ളൂ. ഇതിനോടു വളരെ സാമ്യമുള്ള ഒരുപമയുള്ളത് തോമസിന്റെ സുവിശേഷത്തിലാണ് (63). ലൂക്കായിൽ കാണുന്ന അതേ സ്വത്തുതർക്കത്തെക്കുറിച്ച് തോമസിന്റെ സുവിശേഷം 72-ാം വാക്യത്തിലാണു പരാമർശിക്കുന്നത്. (അതായത്, ഉപമ പറഞ്ഞതിനു കുറേശേഷമാണ് സ്വത്തുതർക്കം വരുന്നത്.) അപ്പോൾ, നമ്മുടെ ഉപമ, സ്വത്തുതർക്കത്തിന്റെ ഒരു പശ്ചാത്തലത്തിൽതന്നെ പറയപ്പെട്ടതാണെന്നു കണിശമായി വാദിക്കുക വയ്യ. സ്വത്തുതർക്കത്തിൽ പരാതിയുമായി വന്നവന്റെ ഭാഗത്താണു നീതിയെന്ന് ഒരു നിമിഷം സങ്കൽപിക്കുക. (പരാതിക്കാരന്റെ ഭാഗത്ത് അനീതിയുണ്ടെന്നു പറയാത്ത നിലയ്ക്ക് ഇങ്ങനെയൊന്നു സങ്കല്പിക്കുന്നതിൽ പിശകില്ല.) ലൂക്കാ അവതരിപ്പിച്ചിരിക്കുന്ന രീതിയിൽ തന്നെയാണു സംഭവങ്ങളുടെ ക്രമമെങ്കിൽ, ഒരു ഉപമ പറഞ്ഞ് നീതിയുടെ പ്രശ്നത്തെ യേശു ഒഴിവാക്കിയെന്നു സമ്മതിക്കേണ്ടി വരും. തോമസിന്റെ സുവിശേഷത്തിൽ കാണുന്നതു മറ്റൊരു ക്രമമായതുകൊണ്ട്, ലൂക്കായുടെ സുവിശേഷത്തിലെ ക്രമം ലൂക്കായുടെതന്നെ സൃഷ്ടിയാണെന്നതാണു വസ്തുത. ഭോഷനായ ധനികന്റെ ഉപമ പറയപ്പെട്ടത് ചിതലരിക്കുന്ന നിക്ഷേപത്തെക്കുറിച്ചും ചിതലരിക്കാത്ത നിക്ഷേപത്തെക്കുറിച്ചും പഠിപ്പിക്കാനാണ്; അല്ലാതെ നീതിയെക്കുറിച്ച് പഠിപ്പിക്കാനല്ല. നീതിയുടെ ചോദ്യങ്ങളെ അവഗണിക്കാൻ ഈ ഉപമ ഉപയോഗിച്ചു കൂടാത്തതാണ്. കാരണം, നീതിക്കുവേണ്ടി വ്യക്തവും കണിശവുമായ നിലപാടുകൾ ബൈബിളിൽ എത്ര വേണമെങ്കിലുമുണ്ട്. ഒരുദാഹരണം മാത്രം ഇവിടെ നൽകാം: "നിങ്ങളുടെ നിലങ്ങളിൽ നിന്നു വിളവു ശേഖരിച്ച വേലക്കാർക്കു കൊടുക്കാതെ പിടിച്ചുവച്ച കൂലി ഇതാ, നിലവിളിക്കുന്നു. കൊയ്ത്തുകാരുടെ നിലവിളി സൈന്യങ്ങളുടെ കർത്താവിന്റെ കർണപുടങ്ങളിൽ എത്തിയിരിക്കുന്നു. നിങ്ങൾ ഭൂമിയിൽ ആഡംബരപൂർവ്വം സുഖലോലുപരായി ജീവിച്ചു. കൊലയുടെ ദിവസത്തേക്കു നിങ്ങളുടെ ഹൃദയങ്ങളെ നിങ്ങൾ കൊഴുപ്പിച്ചിരിക്കുന്നു'' (യാക്കോബ് 5:4-5).

എല്ലാ ആഘോഷങ്ങളും ജീവിതത്തിൽനിന്ന് ഇല്ലായ്മ ചെയ്യണമെന്നും ഈ ഉപമ പഠിപ്പിക്കുന്നില്ല. ധൂർത്തപുത്രന്റെ ഉപമയിൽ (ലൂക്കാ. 15:11-32), മടങ്ങി വന്നവന്റെ കൈയിൽ മോതിരവും കാലിൽ ചെരിപ്പും ഉടലിൽ മേൽത്തരം വസ്ത്രവും അണിഞ്ഞും എല്ലാവർക്കും മേൽത്തരം ഭക്ഷണം വിളമ്പിയുമാണ് ആഹ്ലാദം കൊഴുപ്പിക്കുന്നത്. ആഹ്ലാദവും ആഘോഷവും അതിൽതന്നെ തെറ്റാണെന്ന് അപ്പോൾ സുവിശേഷം പഠിപ്പിക്കുന്നില്ല.

സ്വത്തു സമ്പാദനത്തിന് എതിരുമല്ല ഈ ഉപമയുടെ പാഠം. ഉപമയുടെ കേന്ദ്രപ്രമേയം എന്തെന്നത് ഉപമയുടെ ആരംഭത്തിൽ തന്നെ പറയുന്നുണ്ട്: "അനന്തരം അവൻ അവരോടു പറഞ്ഞു: ജാഗരൂകരായിരിക്കുവിൻ, എല്ലാ അത്യാഗ്രഹങ്ങളിലും നിന്ന് അകന്നിരിക്കുകയും ചെയ്യുവിൻ. മനുഷ്യജീവിതം സമ്പത്തുകൊണ്ടല്ല ധന്യമാകുന്നത്" (ലൂക്കാ. 12:15). സമ്പത്തിനപ്പുറത്ത് ജീവിതമില്ലെന്നു കരുതിയതും അതിന്റെ പുറത്തുള്ള ജീവിതശൈലിയുമാണ് ധനികന്റെ ഭോഷത്തം. "ഭൂമിയിൽ നിക്ഷേപം കരുതിവയ്ക്കരുത്. തുരുമ്പും കീടങ്ങളും അവ നശിപ്പിക്കും; കള്ളന്മാർ തുരന്നു മോഷ്ടിക്കും. എന്നാൽ സ്വർഗത്തിൽ നിങ്ങൾക്കായി നിക്ഷേപങ്ങൾ കരുതിവയ്ക്കുക. അവിടെ തുരുമ്പും കീടങ്ങളും അവ നശിപ്പിക്കുകയില്ല; കള്ളന്മാർ മോഷ്ടിക്കുകയില്ല. നിങ്ങളുടെ നിക്ഷേപം എവിടെയോ അവിടെയായിരിക്കും നിങ്ങളുടെ ഹൃദയവും'' (മത്തായി 6:19-21) എന്ന പാഠം തന്നെയാണ് ഈ ഉപമയുടെ പാഠവും.

ധ്യാനം

# രണ്ടാമൂഴം

## വി. മർക്കോസ് 2:13 – 21

ഫാ. സിബി മാത്യു വർഗീസ്

**ലേ**വിയെ കർത്താവ് കാണുന്നത് നികുതി പിരിവു കേന്ദ്രത്തിലാണ്. അയാൾ നികുതി പിരിവുകാരനാണ്. റോമൻ സാമ്രാജ്യത്തിൽ യഥാർത്ഥ നികുതി പിരിവു സ്വകാര്യ പിരിവുകാർക്ക് കരാറായി നൽകിയിരുന്നു. ഒരു നികുതി പിരിവുകാരൻ തന്റെ മുഴുവൻ പ്രദേശത്തിനും മുൻകൂറായി നികുതി അടയ്ക്കുകയും പിന്നീട് ജനങ്ങളിൽ നിന്ന് വ്യക്തിഗത നികുതികൾ ശേഖരിക്കുകയും ചെയ്തുപോന്നു. ഇത് ലാഭകരമാക്കാൻ, അയാൾക്ക് ജനങ്ങളിൽ നിന്ന് യഥാർത്ഥ നികുതി നിരക്കിനേക്കാൾ കൂടുതൽ ഈടാക്കേണ്ടി വന്നു. വളരെ സെൻസിറ്റീവ് ആയ നികുതി പിരിവ് പ്രാദേശികരായ ആളുകളെ ഏൽപ്പിച്ചത് റോമൻ ഭരണകൂടത്തിന്റെ കുശാഗ്രബുദ്ധിയായിരുന്നു. എല്ലാത്തരം അഴിമതിയിലേക്കും വാതിൽ തുറക്കുന്നതായിരുന്നു ഈ നികുതി വ്യവസ്ഥ. അങ്ങനെ കഫർനഹൂമിൽ റോമൻ ഭരണത്തിൻ കീഴിൽ നികുതി പിരിക്കുന്ന ആളായിരുന്നു ലേവി.

യഹൂദന്മാരുടെ വീക്ഷണത്തിൽ ഒരു വെറുക്കപ്പെട്ട തൊഴിലാണ് ചുങ്കം പിരിവ്. അതിനാൽ ലേവിക്ക് യേശുവിനെ അനുഗമിക്കണമെന്ന് ആഗ്രഹം ഉണ്ടായാൽ പോലും തടസ്സങ്ങൾ ഏറെ ഉണ്ടായിരുന്നു. യേശു വിളിച്ചില്ലായിരുന്നെങ്കിൽ ലേവി ഒരിക്കലും ശിഷ്യവൃത്തിയിലേക്ക് വരാൻ സാധ്യത ഇല്ലായിരുന്നു. യഹൂദർ കുരുടരേയും കുഷ്ഠരോഗികളെയും അംഗഹീനരെയും ഉപയോഗ ശൂന്യരായി കണക്കാക്കിയിരുന്നു. ഏതാണ്ട് ഇതേ മനോഭാവം തന്നെയാണ് ചുങ്കക്കാരോടും അവർ പുലർത്തിയിരുന്നത്. ഈ രീതിയിൽ ജീവിതം മുന്നോട്ടുപോകുമ്പോഴാണ് യേശു ലേവിയെ ഒരു പുതിയ നിയോഗത്തിലേക്ക് ക്ഷണിക്കുന്നത്. അങ്ങനെ നികുതിപിരിവുകാരനായി നടന്ന ലേവി യേശുവിന്റെ മത്തായി ആയി മാറി. കർത്താവിന്റെ ക്ഷണം സ്വീകരിച്ചപ്പോൾ, ആർക്കും ഇഷ്ടമില്ലാതിരുന്ന ലേവി നിരവധി ആളുകൾക്ക് പ്രിയങ്കരനായ മത്തായി ആയി. കേൾക്കുമ്പോൾ എല്ലാം വളരെ പെട്ടെന്ന് നടന്നതുപോലെ തോന്നും. പക്ഷേ ചുങ്കമേശയുടെ പിന്നിൽ ഇട്ടിരിക്കുന്ന കസേരയിൽ നിന്നും എഴുന്നേറ്റ് മേശക്കു മുന്നിലേക്ക് വരികയെന്നത് അത്ര എളുപ്പമല്ല. തന്റെ ജോലി, ഉത്തരവാദിത്തം, സമ്പാദ്യം എല്ലാം ഉപേക്ഷിച്ചാണ് അയാളുടെ വരവ്. ഇതുവരെ വിധേയപ്പെട്ടു നിന്നിരുന്ന വ്യവസ്ഥയെ കൂടി ധിക്കരിച്ചുകൊണ്ടാണെന്നുള്ളത് ശ്രദ്ധേയമാണ്. അതും ആരുടെകൂടെയാണ് പോകുന്നത്? നിലവിലിരിക്കുന്ന വ്യവസ്ഥയെ പാടേ വിമർശിക്കുന്ന വിപ്ലവനായകന്റെ പിറകേ. ജീവനുപോലും ഭീഷണിയുണ്ടാകാം. അതൊന്നും വകവെയ്ക്കാതെ അയാൾ ക്രിസ്തുവിന്റെ ക്ഷണം സ്വീകരിക്കുകയാണ്. പിന്നീട് വായിക്കുന്നത് ലേവിയുടെ ഭവനത്തിൽ ഒരുക്കുന്ന ഒരു വിരുന്നിനെപ്പറ്റിയാണ്. 'പിന്നീടൊരിക്കൽ യേശു ലേവിയുടെ ഭവനത്തിൽ വിരുന്നുസൽക്കാരത്തിൽ പങ്കെടുക്കുകയായിരുന്നു. അന്ന് വിരുന്നിന് അദ്ദേഹത്തോടും ശിഷ്യന്മാരോടുമൊപ്പം അനേകം നികുതിപിരിവുകാരും കുപ്രസിദ്ധപാപികളും ഉണ്ടായിരുന്നു.' (2:15) ലേവി എത്ര പെട്ടെന്നാണ് ഒരു സുവിശേഷകനായി മാറുന്നത്. അയാൾക്ക് ലഭിച്ച വെളിച്ചം തന്റെ സഹപ്രവർത്തകർക്കു കൂടി പങ്കുവെയ്ക്കാനുള്ള അയാളുടെ ശ്രമം തികച്ചും ശ്ലാഘനീയമാണ്. ഒറ്റയ്ക്ക് രക്ഷപെടാനും ഇക്കരെ വന്ന് അക്കരെയുള്ള പഴയ സതീർത്യന്മാരെ വിമർശിക്കുവാനുമാണ് നമുക്ക് ഇഷ്ടം. ഒരാളെക്കൂടി ക്രിസ്തുവിലേക്ക് എത്തിക്കാൻ നമുക്ക് കഴിയാതെ പോകുന്നുണ്ടെന്നുള്ളത് നിർഭാഗ്യകരമാണ്. എന്നാൽ താൻ അറിഞ്ഞ സത്യത്തെ തന്റെ സഹപ്രവർത്തകർക്കു മുൻപിൽ അനാവരണം ചെയ്യുവാനാണ് ലേവിയുടെ ഈ വിരുന്നുപോലും. സാമൂഹിക പ്രതിബദ്ധത (Social Commitment) കേവലം പ്രസംഗവിഷയമല്ല, അതു പരിശീലിക്കുവാനും, പ്രവർത്തിക്കുവാനുമുള്ളതാണ്. യേശു ചുങ്കക്കാരോടും, പാപികളോടുമൊപ്പം വിരുന്ന് പങ്കിടുന്നത് പതിവുപോലെ പരീശന്മാർക്ക് സുഖിച്ചില്ല. 'ഇവൻ എന്തിനു അവരോടൊപ്പം?' നമ്മുടെ പള്ളികളിലുമുണ്ട് ഇങ്ങനെയുള്ള ചില പരീശ അച്ചായന്മാർ. അച്ചൻ എന്തിനാണ് അവനോടും, അവളോടും മിണ്ടുന്നതു? അവരൊക്കെ പോക്കാണ്. പള്ളിയിലും വരില്ല, കാശും തരില്ല, പിന്നെ ഒട്ടും സ്റ്റാൻഡേർഡ് (standard) ഇല്ലാത്ത കൂട്ടരാണ്. അതേ അച്ചായാ, അമ്മാമോ അവർക്കു വേണ്ടിയാണ് എന്റെ കർത്താവ് വന്നത്. ഓരോ പുരോഹിതനും കർത്താവിന് വേണ്ടി പാപികളെ തേടിയിറങ്ങിയവനാണ്. പിഴച്ചുപോയവന്റെ പിഴവുകളിലേക്കല്ല, മറിച്ചു അവനായി ഒരുക്കപ്പെട്ടിരിക്കുന്ന പുതിയ ജീവിതത്തിലേക്ക് ആയിരിക്കണം ശ്രദ്ധ കൊടുക്കേണ്ടത്.

*ശേഷം 16-ാം പേജിൽ*

# പെന്തക്കോസ്തി പെരുന്നാളും സ്ത്രീകളും

**ജിജി ജോൺസൺ**

*"എന്നാൽ പരിശുദ്ധാത്മാവ് നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ടു യെരൂശലേമിലും യെഹൂദ്യയിൽ എല്ലായിടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികൾ ആകും എന്നു പറഞ്ഞു".*

(Acts 1:8)

ക്രിസ്തു, ഉയിർപ്പിനുശേഷം നാല്പത് നാളോളം ശിഷ്യന്മാരുടെ ഇടയിൽ പ്രത്യക്ഷനായി ദൈവരാജ്യത്തെ കുറിച്ച് പഠിപ്പിക്കുകയും പരിശുദ്ധാത്മ സ്നാനം ലഭിക്കും വരെ യരുശലേം വിട്ട് പോകരുതെന്ന് കല്പിക്കുകയും ചെയ്തിരുന്നു. അപ്രകാരം സ്വർഗാരോഹണത്തിനുശേഷം ശിഷ്യന്മാരും യേശുവിന്റെ അമ്മ മറിയത്തോടും മറ്റു സ്ത്രീകളോടും കൂടെ ഏക മനസ്സോടെ അവർ താമസിച്ചിരുന്ന വീടിന്റെ മുകളിലത്തെ നിലയിൽ പ്രാർത്ഥനയിൽ മുഴുകിയിരുന്നു. പെന്തക്കോസ്തി പെരുന്നാളിലാണ് കൊടുങ്കാറ്റിന്റെ ശബ്ദത്തോടെ പരിശുദ്ധാത്മാവിന്റെ ആഗമനവും കൂടിയിരുന്ന എല്ലാവരും പരിശുദ്ധാത്മാവിനാൽ നിറയുകയും ചെയ്യുന്നത്. സ്ത്രീകളുടെ എണ്ണം കൃത്യമായി പറയുന്നില്ലെങ്കിലും അവിടെയുണ്ടായിരുന്ന സ്ത്രീകളും പുരുഷന്മാരും പരിശുദ്ധാത്മ സ്നാനം പ്രാപിച്ചതിനെ കുറിച്ച് യോവേൽ പ്രവചനം ഉദ്ധരിച്ചാണ് (യോവേൽ 2:28-32) പത്രോസ് ശ്ലീഹാ സംസാരിച്ചത്. അങ്ങനെ ദൈവത്തിന്റെ ദാനമായ പരിശുദ്ധാത്മാവ് തന്റെ പുത്രന്മാരുടെ മേലും പുത്രിമാരുടെ മേലും പകർന്നു. ഈ പരിശുദ്ധാത്മാവിന്റെ ശക്തിയാണ് ആദിമസഭയുടെ വളർച്ചക്ക് അവരെ സഹായിച്ചത്.

പരിശുദ്ധാത്മാവിന്റെ പ്രവർത്തന ഫലമായി കൂടുതൽ കൂടുതൽ വിശ്വാസികൾ സ്ത്രീകളും പുരുഷന്മാരും സഭയോട് ചേർക്കപ്പെട്ടു (Acts: 5:14). ആദിമ സഭയുടെ ചരിത്രം എന്നത് സ്ത്രീ പുരുഷന്മാരുടെ കൂട്ടായ പ്രവർത്തനമാണ്. ക്രിസ്തുവിനോടൊപ്പം നടന്നും പ്രാർത്ഥിച്ചും ശുശ്രൂഷകൾ ചെയ്തും ദൈവരാജ്യാനുഭവത്തിൽ പങ്കാളികളായവർ ഏറെയാണ്. ക്രിസ്തുവിനോടൊപ്പമുള്ള ശിഷ്യസമൂഹത്തിൽ പങ്കാളിത്തം ഉണ്ടായിരുന്ന സ്ത്രീ സമൂഹം വളരെ ഗുണപരമായ ശുശ്രൂഷയിൽ തോളോട് തോൾ ചേർന്ന് നിന്നിട്ടുണ്ട്.

**ആദിമസഭയിലെ സ്ത്രീകളുടെ പ്രവർത്തന മേഖലകൾ:**

പരിശുദ്ധാത്മാവിന്റെ അഭിഷേകം സ്ത്രീകൾക്ക് തങ്ങളുടെ ആത്മാഭിമാനം വർദ്ധിക്കുന്നതിന് കാരണമാവുകയും നിയോഗം തിരിച്ചറിഞ്ഞ് വിവിധ മേഖലകളിലേക്ക് പ്രവർത്തനങ്ങളെ വ്യാപിപ്പിക്കുകയും ചെയ്യുന്നു. കാരണം "ദരിദ്രന്മാരോടു സുവിശേഷം അറിയിപ്പാൻ കർത്താവു എന്നെ അഭിഷേകം ചെയ്കയാൽ അവന്റെ ആത്മാവു എന്റെമേൽ ഉണ്ടു; ബദ്ധന്മാർക്കു വിടുതലും കുരുടന്മാർക്കു കാഴ്ചയും പ്രസംഗിപ്പാനും പീഡിതന്മാരെ വിടുവിച്ചയപ്പാനും......" Luke 4:18,19. ഈ ബോധമാണ് അവരെ നയിച്ചത്.

**സുവിശേഷീകരണം:** ആദിമസഭയുടെ സംഘടിതമായ പൊതുവായുള്ള ഒരു പ്രവർത്തനമായിരുന്നു സുവിശേഷീകരണം. ഈ പ്രവർത്തനത്തിൽ സ്ത്രീകളുടെ സേവനം വിലപ്പെട്ടതായി അംഗീകരിക്കപ്പെടുന്നു. സ്ത്രീകളെ 'ബലഹീനപാത്രം' എന്ന് വിശേഷിക്കപ്പെട്ട കാലയളവിലും സുവിശേഷത്തിനു വേണ്ടി പീഡനം സഹിക്കാനുള്ള മനക്കരുത്തും ധൈര്യവും പ്രകടമാക്കിയ ധീരവനിതകളായിട്ടാണ് പുതിയ നിയമ സഭയിൽ കാണുന്നതെന്ന വസ്തുത പ്രത്യേകം ശ്രദ്ധിക്കപ്പെടണം. *"ശൗൽ വീടുതോറും കയറി പുരുഷന്മാരേയും സ്ത്രീകളേയും പിടിച്ച് തടവിൽ ഏൽപ്പിച്ചു സഭയെ മുടിച്ചുപോന്നു"* (Acts: 8:3).

**വിവിധ ഇടങ്ങളിലെ സഭകൾ:** പുതിയനിയമ സഭയുടെ നിർണായക ഘട്ടങ്ങളിൽ പ്രഥമ സ്ഥാനം അലങ്കരിക്കാനുള്ള ഭാഗ്യം പലപ്പോഴും സ്ത്രീകൾക്കാണുണ്ടായതെന്ന വസ്തുത ശ്രദ്ധേയമാണ്. ഉയിർത്തെഴുന്നേറ്റ ക്രിസ്തു ആദ്യമായി പ്രത്യക്ഷപ്പെട്ടത് സ്ത്രീകൾക്കാണ്. അതുപോലെതന്നെ ആ വർത്തമാനം മറ്റുള്ളവരെ അറിയിക്കാനുള്ള നിയോഗവും സ്ത്രീകൾക്ക് തന്നെ ലഭിച്ചു. ഫിലിപ്പിയിലെ സഭയുടെ സ്ഥാപനത്തിലും വളർച്ചയിലും ഗണ്യമായ പങ്ക് വഹിച്ച ഒരാളാണ് ലുദിയ. മറ്റു രണ്ടുപേർ യുവോദിയ, സുന്തുക. പട്ടുവില്പനക്കാരിയും ദൈവഭക്തയുമായ ലുദിയ, കുടുംബമായി ക്രിസ്തുമാർഗം സ്വീകരിക്കുകയും അവളുടെ ഭവനം സുവിശേഷ പ്രവർത്തനത്തിനായി വിട്ടു കൊടുക്കുകയും ചെയ്യുന്നു. (Act:16:12-15,40). ലുദിയക്ക് ഫിലിപ്പിയ സഭയിൽ ഗണ്യമായ സ്ഥാനമുണ്ടായിരുന്നു. 'സത്കൃത്യങ്ങളിലും ദാന

ധർമ്മങ്ങളിലും' മുൻപന്തിയിൽ നിന്ന തബീഥാ എന്ന വനിതാ രത്നം, അവരുടെ സ്നേഹ നിർഭര മായ ഇടപെടൽ കൊണ്ട് മനുഷ്യ ഹൃദയങ്ങളിൽ സ്ഥാനം നേടിയി രുന്നു. തെസ്സലോനികൃയിലും ബരോവയിലും സുവിശേഷം സ്വീകരിച്ച സമ്പന്ന വനിതകളെ കുറിച്ചുള്ളപരാമർശവും കാണാം (Act: 17:11,12).

**ഡീക്കനെസ്:** പൗലോസിന്റെ ലേഖനങ്ങളിൽ പരാമർശിക്കുന്ന പ്രഥമസ്ഥാനം ഫെബക്കായിരുന്നു. (Act: 16:1-2). 'നമ്മുടെ സഹോദരി യും കെംക്രയസഭയിലെ ശുശ്രൂഷ ക്കാരിയുമായ ഫെബ'. കുറെകൂടി ശരിയായിട്ടുള്ളത് 'കെംക്രയസഭ യിലെ ഡീക്കനസ് ആയ ഫെബ' എന്നാണ്. ഗ്രീക്കു ഭാഷയിൽ 'മിനി സ്ട്രി' എന്നത് 'ഡയക്കനോൺ' ആണ്. (Ministry-diakanon). പുതി യനിയമ സഭയുടെ കാലത്ത് സഭ യിൽ പ്രവർത്തകരുടെ സ്ഥാനനിര കൾ ഇന്നത്തേതുപോലെ ക്രമീകരി ക്കപ്പെട്ടിരുന്നില്ലെങ്കിലും സഭയുടെ പരിപാലനത്തിനുവേണ്ടി പ്രത്യേ കം നിയോഗിക്കപ്പെട്ടവർ ഉണ്ടായി രുന്നതായിട്ടത്രെ കരുതുന്നത്. ആ കൂട്ടത്തിൽ സ്ത്രീകളും ഉണ്ടായി രുന്നെന്ന് കരുതാൻ ഫേബയെ കുറിച്ചുള്ള പരാമർശം വഴിതെളി ക്കുന്നുണ്ട്.

ഒന്നാം നൂറ്റാണ്ടിൽ ഇതര സമൂഹങ്ങളിലുണ്ടായിരുന്ന സ്ത്രീ കളുടെ സ്ഥാനവുമായി താരതമ്യം ചെയ്യുമ്പോൾ ക്രൈസ്തവസഭ യിൽ തികച്ചും അഭികാമ്യമായ സ്ഥാനമുണ്ടായിരുന്നതായി കരുത പ്പെടുന്നു. നേതൃനിരയിൽ പല രേയും കാണാം. ഉദാ: പ്രിസ്കി ല്ലയും അവരുടെ ഭർത്താവായ അകിലാവേയും തന്റെ സഹപ്രവ ർത്തകരായിട്ടാണ്. പൗലോസ് അപ്പോസ്തോലൻ വിശേഷിപ്പിക്കു ന്നത്. (റോമ:16:3). പൗലോസിന്റെ മിഷനറി യാത്രയിൽ കൊരിന്തിൽ നിന്ന് സുറിയവരെ ഇവർ അദ്ദേ ഹത്തെ അനുഗമിക്കുന്നുണ്ട്. 1. കൊരി. 12:28-ൽ പരാമർശിക്കുന്ന പ്രബോധകർ എന്ന സ്ഥാനമായി രുന്നു അവരുടേത് എന്ന് കരുതുന്ന പണ്ഡിതർ ഉണ്ട്. അപ്പല്ലോസിനെ കൂട്ടിക്കൊണ്ടുപോയി അവനു ദൈവത്തിന്റെ മാർഗം കൂടുതൽ വ്യക്തമാക്കി കൊടുക്കാൻ ഇവർ ഉത്സാഹിക്കുന്നുണ്ട് (Act:18:26).

**പ്രവാചകശുശ്രൂഷ:** ആദിമ സഭയിൽ വിവിധ ആത്മിക വര ങ്ങൾ ഉണ്ടായിരുന്ന സ്ത്രീകളെ യും കാണുന്നു. കൃപാവരങ്ങളുടെ കൂട്ടത്തിൽ ഒന്നാമത്തെ സ്ഥാന മാണ് പ്രവചന വരത്തിനുള്ളത്. (റോമ. 12:6). പ്രവചന ശുശ്രൂഷ ആരാധനാസമൂഹ മധ്യേ ആരാധ നയുടെ ഭാഗമായിട്ടാണ് നടന്നി രുന്നത്. പ്രാർത്ഥനയോടൊപ്പമാണ് പ്രവചനവും പരാമർശിക്കപ്പെടുക. ഫിലിപ്പൊസ് സുവിശേഷകന് പ്രവചിക്കുന്നവരായ കന്യകമാ രായ നാല് പെൺമക്കളെ കുറിച്ച് പരാമർശിക്കുന്നുണ്ട്. (Act:21:9)

ആദിമസഭയുടെ ചരിത്ര ത്തിൽ സ്ത്രീകൾക്ക് ഉണ്ടായിരുന്ന സമുന്നതമായ സ്ഥാനവും നേതൃ ത്വവും പിന്നീട് ചരിത്രത്തിലെവി ടെയോ തമസ്കരിക്കപ്പെടുകയും സാവധാനം സ്ത്രീകൾ എല്ലാ മേഖ ലകളിൽനിന്നും മാറ്റി നിർത്തപ്പെ ടുകയുമുണ്ടായി. ഇതിനു കാരണ മായി തോന്നുന്ന ഒരു കാര്യം സ്ത്രീകളെ തരംതാഴ്ത്തുന്ന സഭാ പഠനങ്ങളും പാരമ്പര്യങ്ങളും സ്ത്രീ വിദ്വേഷം ജനിപ്പിക്കുന്ന എഴുത്തുകളുമാണ്. മറ്റൊന്ന് പാപത്തെ കുറിച്ചും കൃപാവര ങ്ങളെ കുറിച്ചുമുള്ള ക്രിസ്തീയ പഠനങ്ങളെല്ലാം തന്നെ പുരുഷാനു ഭവങ്ങളുടെ പശ്ചാത്തലത്തിലും പുരുഷ മൂല്യങ്ങളുടെ അടിസ്ഥാ നത്തിലും മാത്രമായിരുന്നു. എ ന്നാൽ സ്ത്രീകളുടെ അനുഭവ ങ്ങളും പ്രശ്നങ്ങളും തീർത്തും വ്യത്യസ്തവുമാണ്. സാംസ്കാ രികവും കുടുംബപരവുമായ ഇട ങ്ങളിൽ സ്വയം നിർണ്ണയത്തിന്റെ അഭാവം, സ്വയം തിരഞ്ഞെടുപ്പു കൾ നടത്തുവാനും ഉത്തരവാദിത്വം ഏൽക്കുവാനുള്ള ഭയം, സ്വന്ത വ്യക്തിത്വവും തനിമയും തിരിച്ചറി യുന്നതിലുള്ള പരാജയം തുടങ്ങി യവയിൽ നിന്നുള്ള മോചനമാണ് വാസ്തവത്തിൽ സ്ത്രീകളെ സംബന്ധിച്ച് കൃപയുടെ അവസ്ഥ. സ്വയം സ്നേഹിക്കുവാനും ആത്മാ ഭിമാനം (self esteem) വളർത്തു വാനും അതുവഴി മറ്റുള്ളവരെ സ്നേഹിക്കുവാനും ജീവിത സാഹ ചര്യങ്ങളിൽ ആരോഗ്യപരമായ അധികാരം കൈയ്യേൽക്കുവാനു മുള്ള ആത്മധൈര്യമാണ് സ്ത്രീ കളെ സംബന്ധിച്ച് ദൈവകൃപ എന്നതുകൊണ്ടർത്ഥമാക്കുന്നത്. ദൈവവുമായുള്ള സ്വതന്ത്ര ബന്ധ ത്തിലൂടെയും പരിശുദ്ധാത്മാവിന്റെ ദാനങ്ങളിലൂടെയുമാണ് ഇത് സാധ്യമാവുന്നത്.

**പരിശുദ്ധാത്മാവിന്റെ വിശേ ഷണങ്ങൾ:** പരിശുദ്ധാത്മാവ് നമ്മെ ഒരമ്മ കുഞ്ഞിനെ ആശ്വസി പ്പിക്കുന്നതുപോലെ ആശ്വസിപ്പി ക്കുന്നു, പഠിപ്പിക്കുന്നു, ഉപദേശി ക്കുന്നു. (യോഹ. 14:26,16;13). നമ്മെ അനാഥരായി വിടുകയില്ല. (യോഹ. 14:18). പരിശുദ്ധാത്മാവ് പുതുമ യുടെ ശക്തിയാണ്. എല്ലാത്തിനെ യും നവീകരിക്കുകയും ക്രമരഹിത മായ സൃഷ്ടിയിൽ ക്രമം സ്ഥാപി ക്കുന്നു. പരിശുദ്ധാത്മാവ് സ്വാത ന്ത്ര്യത്തെ ഉളവാക്കുന്നു, സ്നേഹ ത്തെ ഉണർത്തുന്നു, പ്രത്യാശ കൊണ്ട് നിറക്കുന്നു. സത്യത്തെ കണ്ടെത്താൻ സഹായിക്കുന്നു. നീതി നിറഞ്ഞ ലോകത്തെ ദർശി ക്കാൻ പ്രാപ്തരാക്കുന്നു. വ്യത്യ സ്തതകളുടെ മധ്യത്തിൽ കൂട്ടാ യ്മയുടെ ശക്തിയായി നിൽ ക്കുന്നു. മനഷ്യരിലുള്ള ക്രിയാത്മക മായ വരങ്ങളെ ഉണർത്തുകയും

RNI No. KERMAL/2012/46014
Registered. Reg. No. KL/ALY/0067/2022-2024

Date of Publication 15/05/2024
Price Rs. 10/-

Licence No. KL/CR/ALY/WPP-02/2022-24
Licensed to Post Without Pre-payment

KANDANAD DIOCESAN BULLETIN

സമൂഹത്തിൽ പലതരത്തിലുള്ള സേവനങ്ങളേയും ശുശ്രൂഷകളേയും പ്രചോദിപ്പിക്കുകയും ചെയ്യുന്നു. എന്നാൽ വൈവിധ്യം ഒരിക്കലും അസമത്വത്തിലേക്കോ വിവേചനത്തിലേക്കോ പതിക്കുന്നില്ല. കാരണം നാം എല്ലാവരും ഒരേ ആത്മാവിനെ പാനം ചെയ്യുന്നു. (1. കൊരി. 12:13). അവിടെ ദാസരോ സ്വാതന്ത്രരോ, യഹൂദനനോ, യവനനോ, സ്ത്രീ-പുരുഷ വ്യത്യാസമോ ഇല്ല. വരങ്ങൾ അവിടുന്ന് നൽകിയിരിക്കുന്നത് അവരവരുടെ നന്മക്കുവേണ്ടിയല്ല, സമൂഹത്തിന്റെ പ്രയോജനത്തിനു വേണ്ടിയാണ്. (1. കൊരി. 12:7). പരിശുദ്ധാത്മാവ് ഹൃദയത്തിൽ വസിക്കുമ്പോൾ നാം ഉത്സാഹ ഭരിതരാവുകയും ധൈര്യവും നിശ്ചയദാർഢ്യമുള്ളവരാവുകയും ചെയ്യുന്നു.

മാളിക മുറിയിൽ പെന്തക്കോസ്ത ദിനത്തിൽ കൊടുങ്കാറ്റുപോലെ വന്ന ആത്മാവ് രൂപാന്തരപ്പെടുത്തുന്ന ശക്തിയായാണ് പ്രവർത്തിച്ചത്. ആ ആത്മാവ് ഈ നാളുകളിൽ പ്രത്യേകിച്ച് പെന്തക്കോസ്തി പെരുന്നാളിൽ നാം ഓരോരുത്തരുടേയും ഹൃദയത്തെ രൂപാന്തരപ്പെടുത്തുകയും, സഭ സ്വാതന്ത്ര്യത്തിന്റെയും ഐക്യത്തിന്റെയും അനുരഞ്ജനത്തിന്റെയും പാത കണ്ടെത്തുവാനിടയാക്കുകയും ചെയ്യട്ടെ. ആദിമ സഭയിലെ പോലെ സ്ത്രീ-പുരുഷ വ്യത്യാസമില്ലാതെ നിയോഗബോധത്തോടെ പ്രേഷിത പ്രവർത്തനങ്ങളിൽ ആയിരിക്കുവാൻ പരിശുദ്ധാത്മാവ് ഏവരേയും സഹായിക്കട്ടെ.

---

*13-ാം പേജ് തുടർച്ച...*

ഒരു രണ്ടാമൂഴം (Second Chance) എല്ലാവർക്കും കർത്താവ് നൽകുന്നുണ്ട്. ചിലർ വികാര വിക്ഷോഭത്തിൽ കെട്ടിതൂങ്ങി ചാകും. എന്നാൽ മറ്റുചിലർ ക്ഷമയോടെ കാത്തിരിക്കും, പത്രോസിനെപ്പോലെ. ലേവിയുടെ ഭവനത്തിൽ കൂടിവന്ന അവന്റെ സഹപ്രവർത്തകർക്കും ഇത് രണ്ടാമൂഴമാണ്. വേണമെങ്കിൽ നന്നാകാം. അവരിൽ പലരും പിന്നീട് യേശുവിന്റെ പിന്നാലെയാണ് യാത്ര ചെയ്യുന്നത്. ജീവിതത്തിൽ ദൈവം വച്ചുനീട്ടുന്ന അവസരങ്ങൾ പ്ര യോജനപ്പെടുത്തുവാൻ കഴിയണം. നമ്മുടെ പാപത്തിൽ തന്നെ നാം മരിക്കുവാനല്ല ദൈവം ആഗ്രഹിക്കുന്നത്. അവന്റെ നയം അവൻ വ്യക്തമാക്കുന്നുണ്ട്; 'ഞാൻ നീതി നിഷ്ഠരെയല്ല, പാപികളെയാണു വിളിക്കാൻ വന്നിരിക്കുന്നത്.' അവന്റെ വിളിയോട് ക്രിയാത്മകമായി പ്രതികരിക്കാൻ സാധിച്ചാൽ ഇന്ന് പാപികളെന്നു ലോകം മുദ്ര കുത്തിയിരിക്കുന്ന നാം നാളെ അവന്റെ ശിഷ്യന്മാരെന്നു അറിയപ്പെടും. രണ്ടാമത്തെ ഭാഗത്തു ഉപവാസത്തെപറ്റിയുള്ള ചോദ്യമാണ് കാണുന്നത്. "യോഹന്നാന്റെ ശിഷ്യന്മാരും പരീശന്മാരുടെ ശിഷ്യന്മാരും ഉപവസിക്കുന്നു; എന്നാൽ അങ്ങയുടെ ശിഷ്യന്മാർ അങ്ങനെ ചെയ്യാതിരിക്കുന്നത് എന്തുകൊണ്ട്?" (2:18) ഈ ചോദ്യത്തിന്റെ പിന്നിൽ അവർക്കു ചില താത്പര്യങ്ങളുണ്ട്. യഥാർത്ഥത്തിൽ ക്രിസ്തുവിന്റെ ചില പഠിപ്പിക്കലുകൾ പരീശന്മാർക്കും ഇഷ്ടമായിരുന്നു. എന്നാൽ പൂർണ്ണമായും തങ്ങളുടെ മതപ്രമാണങ്ങളെ ഉപേക്ഷിക്കാനും അവർ തയ്യാറല്ലായിരുന്നു. അവരുടെ താത്പര്യങ്ങൾ സംരക്ഷിക്കുന്ന നിയമങ്ങളും നിലപാടുകളും രണ്ടു വശത്തുനിന്നും ഉൾക്കൊണ്ടു മുന്നോട്ട് പോകുവാനായിരുന്നു അവരുടെ ഉദ്ദേശം. എന്നാൽ യേശു അവരുടെ ഉള്ളിലിരുപ്പ് തുറന്നു കാട്ടുന്നു. പഴയ വസ്ത്രത്തിൽ കീറിയ ഭാഗത്തു മാത്രം പുതിയ തുണികഷ്ണങ്ങൾ തുന്നിച്ചേർത്താൽ അതു പഴയതിനെയും, പുതിയതിനെയും ഒരുപോലെ നശിപ്പിക്കുമെന്നത് ആർക്കാണ് അറിയാത്തത്. ക്രിസ്തീയ ജീവിതം പഴയതും പുതിയതും ഇടകലർന്നതല്ല; മറിച്ച്, പുതിയതിൽ പഴയതിന്റെ നിവൃത്തിയാണ്. അത് യേശു തന്നെ വ്യക്തമാക്കുന്നുണ്ട്. മോശയുടെ നിയമങ്ങളും, ചട്ടങ്ങളും ക്രിസ്തു ജീവിതത്തിൽ നിറവേറ്റപ്പെടുന്നുണ്ട്. എന്നാൽ കാൽവരിയിൽ എല്ലാ നിയമങ്ങളും അവസാനിക്കുകയാണ്. പിന്നീട് അവനിൽ വിശ്വസിക്കുന്നവർ പുതിയ സൃഷ്ടികളായി മാറുകയാണ്. പഴയതെല്ലാം കഴിഞ്ഞുപോകും. ജീവനുള്ള ആത്മീയ സത്യമാകുന്ന ക്രിസ്തു മുൻപിൽ നിൽക്കുമ്പോൾ, നിർജ്ജീവമായ മതപാരമ്പര്യം മാത്രം മുറുകെ പിടിക്കുന്നത് എത്ര ദാരുണമാണ്. യാഥാർത്ഥ്യത്തെക്കാൾ കൂടുതൽ നിഴലുകളിൽ ആശ്രയിക്കുന്നതിനു തുല്യമാണത്. ഒരു പുതിയ സൃഷ്ടിയാവാൻ പഴയതെല്ലാം ഉപേക്ഷിക്കണം. കർത്താവേ ചുങ്കം പിരിച്ചോണ്ട് ഞാൻ നിന്റെ ശിഷ്യനാകട്ടെയെന്നു വേണമെങ്കിൽ ലേവിക്ക് ചോദിക്കമായിരുന്നു. തികച്ചും മാനുഷീകമല്ലേ. കഞ്ഞികുടിക്കാനുള്ള മാർഗ്ഗം ഉപേക്ഷിച്ചു കർത്താവിനെ അനുഗമിക്കണോ? പക്ഷേ അയാൾ തനിക്കു കിട്ടിയ അവസരം പ്രയോജനപ്പെടുത്തുകയാണ്. എല്ലാം ഉപേക്ഷിച്ചു ക്രിസ്തുവിന്റെ പിന്നാലെ യാത്രയാവുന്നു. നിനക്കുമുണ്ട് ഒരു രണ്ടാമൂഴം; എന്താണ് നിന്റെ തീരുമാനം. ചുങ്ക മേശക്ക് പിറകിലെ സുഖസൗകര്യങ്ങൾ വേണോ, കുരിശിന്റെ വഴിയിലെ സഹനവും, രക്ഷയും വേണോ?

Printed and published by Fr. Abraham Karamel, Secretary, Kandand East Diocese, Bishop's House, Muvattupuzha - 686 661, Ph: 0485 2832401
Managing Editor: P. J. Varghese Ph: 0485 2253209, Printed at St. George Press, Muvattupuzha, Ph: 9846869426